WORLD MALAYALEE FEDERATION
WMF
WORLD'S LARGEST PRAVASI MALAYALEE NETWORK

VISWAKAIRALI
# വിശ്വകൈരളി
A MAGAZINE OF THE WORLD MALAYALEE FEDERATION

#12
January 2025

ഓർമ്മപ്പതിപ്പ്



# മഞ്ഞും മഞ്ഞലയും

എം.ടി
1933 - 2024

പി ജയചന്ദ്രൻ
1944 - 2025

# EDITORIAL



പ്രിയപ്പെട്ട സുഹൃത്തുക്കളേ

**ജീവിതക്കാഴ്ചകളെ,** സ്വപ്നങ്ങളെ, യഥാർത്ഥ മനുഷ്യാവസ്ഥകളെ വരച്ചുകാട്ടുകയാണ് കഥകൾ ചെയ്യുന്നത്. ലളിതമായ കഥകൾ കുട്ടികളെ മാത്രമല്ല മുതിർന്നവരെയും സന്തോഷിപ്പിക്കുന്നു.സ്വന്തം ജീവിതത്തിന്റെ രീതികളും മറ്റും കഥകളായി പറയുന്നവർപോലും കഥാകാരന്മാരായിത്തീരാറുണ്ട്.സംഗീതം എന്ന ഉപാസനയ്ക്ക് പല രീതികളുണ്ട്, ഭാവമുണ്ട്, താളമുണ്ട്. ഇവയെല്ലാം ചേർന്നുവരുന്നതിന്റെ പരിപൂർണ്ണ രൂപമാണ് ഒരു ഗാനം. ഈശ്വര സാക്ഷാൽക്കാ-രത്തിനായി ഏതൊരു ഭക്തനും പാട്ട് ഒരു പ്രാർത്ഥനയാണ്. പാട്ട് ഇഷ്ടപ്പെടാത്തവരോ  ഒരു മൂളിപ്പാട്ടെങ്കിലും പാടാത്തവരോ ആയി ലോകത്ത് ആരുംതന്നെയുണ്ടാവില്ല, സത്യം!

മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ ഒരു എഴുത്തുകാരനും തിരക്കഥാകൃത്തും ചലച്ചിത്ര സംവിധായകനുമായിരുന്നു. ആധുനിക മലയാള സാഹിത്യത്തിലെ പ്രഗത്ഭനും ബഹുമുഖ എഴുത്തുകാരനുമായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ സാഹിത്യത്തിലെ ആചാര്യന്മാരിൽ പ്രമുഖൻ. 'രണ്ടാമൂഴം' ആണ് അദ്ദേഹത്തിന്റെ മാസ്റ്റർപീസ് ആയി പരക്കെ അറിയപ്പെടുന്നത്. ഒരു എഴുത്തുകാരന് പൂർണത കൈവരിക്കാൻ കഴിയുന്ന ഒരു വിഭാഗമാണ് ചെറുകഥയെന്നായിരുന്നു എംടിയുടെ അഭിപ്രായം. അദ്ദേഹം തന്റെ സാഹിത്യം, സിനിമ, പൊതുജീവിതം എന്നിവയിലൂടെ മതേതരത്വം ഉയർത്തിപ്പിടിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു .

ഭാവഗാനത്തിന്റെ പ്രതീകമായി നമുക്കിടയിൽ ഉണ്ടായിരുന്ന ജയചന്ദ്രന്റെ വിയോഗത്തോടെയാണ് 2025 ആരംഭിച്ചത്. രാജകുടുംബാംഗമായ അച്ഛൻ സംഗീതത്തെ ഇഷ്ടപ്പെട്ടിരുന്നു. അച്ഛന്റെ പാട്ടുകളുടെ ഈണം കേട്ടാണ് ജയചന്ദ്രൻ വളർന്നത്. അമ്മയും സംഗീതപ്രേമിയായിരുന്നു. അവരിൽ നിന്ന് പാട്ടിന്റെ ബാലപാഠങ്ങൾ പഠിച്ച ജയചന്ദ്രൻ പള്ളികളിൽ ക്രിസ്തുമസ് ഗാനങ്ങൾ പാടാനായി പോയിരുന്നു. പിന്നീടങ്ങോട്ട് പാട്ടിനായി ജീവിതം സമർപ്പിച്ചു. ഭാവഗായകൻ എന്നൊരു പേരും നേടിയെടുത്ത ജയചന്ദ്രൻ 10,000 ത്തിലേറെ ഗാനങ്ങൾ പാടിയിട്ടുണ്ട്.

നമുക്കിടയിൽ ധാരാളം ഗായകരും പാട്ടിനെ നെഞ്ചോടു ചേർത്തുവെച്ചിട്ടുള്ളവരും ഉണ്ട്.

വിശ്വകൈരളിയുടെ ഈ പ്രത്യേക പതിപ്പിൽ എഡിറ്റോറിയൽ ടീമിന്റെ ഓരോ അംഗങ്ങളും തങ്ങൾ എന്തുകൊണ്ട് എംടിയെയും ജയചന്ദ്രനെയും ഇഷ്ടപ്പെടുന്നു എന്ന് വിവരിച്ചു കാട്ടുന്നു. കൂടെ  സംഗീതത്തെയും കഥകളെയും കുറിച്ച് അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നു .

ഈ സ്പെഷ്യൽ ലക്കം അഭിമാനത്തോടു കൂടി നിങ്ങളുടെ വായനയ്ക്കായി, എംടിക്കും  ജയചന്ദ്രനും  ആദരാഞ്ജലികൾ നേർന്നു കൊണ്ട് സമർപ്പിക്കുന്നു.

**എഡിറ്റോറിയൽ ടീമിനൊപ്പം,**

**സപ്ന അനു ബി. ജോർജ്ജ്**
**ചീഫ് ഏഡിറ്റർ**


വിശ്വകൈരളി

**Chief Editor:** Sapna Anu B. George

**Advisory Board:** Jaison Kaliyanil, Rajan Kokkuri

**Design:** Novin vasudev

**Cover photo:** Suresh Vayalar

**Editorial Team:** Vipin Jose Arthunkal, Anshad Koottukunnam, Meetu Rahmath Kalam, Usha Gopal, Mahesh manikkom, Rema Pisharadi

**Contact:** viswakairali@worldmalayaleefederation.com

Published by the World Malayalee Federation (WMF).
Reg No. ZVR-Zahl: 865685499, Wimbergergasse 5, 1070 Vienna, Austria, Europe






## CHAIRMAN'S MESSAGE



പ്രിയപ്പെട്ട **WMF** അംഗങ്ങളെ,

**മലയാളത്തിന്റെ** മഹാനായ സാഹിത്യകാരനും, ബഹുമുഖ പ്രതിഭയുമായ എം.ടി വാസുദേവൻ നായർ ഈ കഴിഞ്ഞ ഡിസംബർ 25 ന് നമ്മോട് വിടപറഞ്ഞിരിക്കയാണ്. കേരളത്തിനും, ഇന്ത്യക്കും നികത്താനാവാത്ത ഒരു നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്.

ഫ്യൂഡൽ സാമൂഹികവ്യവസ്ഥയുടെ അവസാനത്തോടെ തകർച്ചയിലേക്കു നീങ്ങിയ മരുമക്കത്തായ വ്യവസ്ഥയും, തറവാടുകളും അവിടത്തെ നിസ്സഹായരായ മനുഷ്യരുമാണ് എം.ടിയുടെ ആദ്യകാല രചനകളുടെ പശ്ചാത്തലം. എക്കാലത്തെയും മനുഷ്യന്റെ ഒറ്റപ്പെടലും അമർഷവും വികാരങ്ങളുമെല്ലാമായി ആ ഭാഷാതീക്ഷ്ണത പിന്നീട് മലയാളത്തിൽ ആളിപ്പടർന്നു. 'കാലം', 'അസുരവിത്ത്', 'വിലാപയാത്ര', 'മഞ്ഞ്', എൻ.പി. മുഹമ്മദുമായി ചേർന്നെഴുതിയ 'അറബിപ്പൊന്ന്, 'രണ്ടാമൂഴം', 'വാരാണസി' തുടങ്ങിയ നോവലുകൾ. കൂടാതെ ഒട്ടനവധി ചെറുകഥകളും നോവലെറ്റുകളും. എം.ടിയുടെ കരസ്പർശമേറ്റതെല്ലാം മലയാളികൾ ഹൃദയത്തിൽ ഏറ്റുവാങ്ങി. 1984ലാണ് 'രണ്ടാമൂഴം' പുറത്തുവരുന്നത്. ഭീമനെ കേന്ദ്രകഥാപാത്രമാക്കി, മഹാഭാരതത്തെ ഭീമന്റെ വീക്ഷണത്തിൽ കാണുന്ന 'രണ്ടാമൂഴം' എം.ടിയുടെ മാസ്റ്റർ പീസായി വിലയിരുത്തപ്പെടുന്നു.

ഞാൻ ആദ്യമായി വായിച്ച എം.ടി യുടെ നോവലാണ് 'നാലുകെട്ട്'. കേരളത്തിലെ നായർ സമുദായത്തിലെ ഒരു കൂട്ടുകുടുംബത്തിന്റെ പശ്ചാത്തലത്തിലാണ് 'നാലുകെട്ട്' എന്ന നോവൽ പറയുന്നത്. നാലുകെട്ട് എന്ന വാസ്തുശില്പം തന്നെ കേന്ദ്രബിന്ദുവാക്കി, സമൂഹത്തിലെ മാറ്റങ്ങളും കുടുംബബന്ധങ്ങളും എല്ലാം നോവലിൽ ചർച്ച ചെയ്യപ്പെടുന്നു. എന്നാൽ ഇതിനിടയിൽ, കുടുംബത്തിലെ പഴയ തലമുറയും പുതിയ തലമുറയും തമ്മിലുള്ള മൂല്യാധാരങ്ങളിലുള്ള വ്യത്യാസങ്ങൾ, സമൂഹത്തിലെ മാറ്റങ്ങൾ, നാലുകെട്ട് എന്ന വാസ്തുശില്പത്തിന്റെ പ്രതീകാത്മകത എന്നിവയെല്ലാം ചർച്ച ചെയ്യപ്പെടുന്നു.



1995ൽ ഭാരതത്തിലെ സാഹിത്യരംഗത്തെ ഏറ്റവും ഉയർന്ന പുരസ്കാരമായ ജ്ഞാനപീഠം എം.ടിക്ക് ലഭിച്ചു. 2005ൽ എം.ടിയെ പത്മഭൂഷൺ ബഹുമതി നൽകി രാഷ്ട്രം ആദരിച്ചു. 2013ൽ കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ് നൽകി. 1986ൽ കേരള സാഹിത്യഅക്കാദമി അവാർഡ്, മികച്ച ചലച്ചിത്രത്തിനുള്ള ദേശീയപുരസ്കാരം മുതൽ എണ്ണമറ്റ അവാർഡുകളും ബഹുമതികളും അദ്ദേഹത്തെ തേടിയെത്തി. ഈ റിപ്പബ്ലിക് ദിനത്തിൽ മരണാനന്തര ബഹുമതിയായി പദ്മവിഭൂഷൻ അവാർഡും ഇന്ത്യ ഗവണ്മെന്റ് പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ വേർപാടിൽ ദു:ഖിക്കുന്ന കുടുംബത്തിൻറെ ദു:ഖത്തിൽ വേൾഡ് മലയാളി ഫെഡറേഷനും പങ്കുചേരുന്നു. മലയാളിയും മലയാളവുമുള്ള കാലത്തോളം എം.ടിക്ക് മരണമില്ല.

ഈ കഴിഞ്ഞ ജനുവരി 9—ാം തീയതി നമ്മെ ദുഖത്തിലാഴ്ത്തി മലയാളത്തിന്റെ പ്രിയപ്പെട്ട പി. ജയചന്ദ്രൻ നമ്മോട് വിടപറഞ്ഞു. മലയാള സംഗീതത്തിലെ ഭാവഗായകനായ അദ്ദേഹം തന്റെ ആത്മാർത്ഥവും ഹൃദ്യവുമായ ഗാനാവതരണശൈലിക്കു പ്രശസ്തനായിരുന്നു. പ്രണയവും വാഞ്ഛയും വേദനയും വേർപിരിയലും വരെയുള്ള എല്ലാ വികാരങ്ങളാലും നിറഞ്ഞ അദ്ദേഹത്തിന്റെ ഗാനങ്ങൾ ജീവിതത്തിന്റെ സത്തയുമായി ആഴത്തിൽ പ്രതിധ്വനിക്കുന്ന ഗാനങ്ങളായി എണ്ണമറ്റ ആരാധകരെ ആസ്വദിപ്പിച്ചു.

മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി ഭാഷകളിലായി 16000 ലധികം ഗാനങ്ങൾ റെക്കോഡ് ചെയ്തിട്ടുള്ള ജയചന്ദ്രൻ ഇന്ത്യൻ സംഗീതത്തിലെ ഏറ്റവും മികച്ച വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു. 6 പതിറ്റാണ്ടിലേറെ നീണ്ട കരിയറിൽ, മികച്ച പിന്നണി ഗായകനുള്ള ദേശീയ, സംസ്ഥാന അവാർഡുകൾ ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ നേടിയ അദ്ദേഹം സിനിമ, ഭക്തി,ലഘുസംഗീത വിഭാഗങ്ങളിൽ ഒരു ഐക്കണായി മാറി. തമിഴ്നാട് സർക്കാരിന്റെ കലൈമാമണി, ജെ സി ഡാനിയേൽ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ നൽകി അദ്ദേഹത്തിന്റെ സംഭാവനകൾ ആദരിക്കപ്പെട്ടു.

രണ്ട് മഹാവ്യക്തിത്വങ്ങളുടെയും ആത്മാവിനു നിത്യശാന്തിക്കായ് പ്രാത്ഥിക്കുന്നു.

ഡോ. ജെ രെത്നകുമാർ,
ചെയർമാൻ, വേൾഡ് മലയാളി ഫെഡറേഷൻ

# എംടി കുറിച്ച അവതാരിക, ജീവിതത്തിലെ സുകൃതം

സുമിത്ര ജയപ്രകാശ്
(എസ് കെ പൊറ്റെക്കാട്ടിന്റെ മകൾ)




**രമണൻ** വായിച്ച് കവിയാകാൻ ആഗ്രഹിച്ച എം.ടിയെ കഥകളുടെ ലോകത്തേക്ക് ആനയിച്ചതും കഥാകാരനാകാൻ പ്രേരണയായതും എസ്.കെ. പൊറ്റെക്കാട്ട് എഴുതിയ 'നാടൻപ്രേമം' ആണെന്ന് എം.ടി തന്റെ അഭിമുഖങ്ങളിൽ തുറന്നുപറഞ്ഞിട്ടുണ്ട്. ചെറുപ്പം മുതൽ എം.ടി.വാസുദേവൻ നായർ എന്ന മഹാരഥന്റെ കൃതികളുടെയും സിനിമകളുടെയും ആരാധിക ആയിരുന്നതുകൊണ്ട്, ഇത്തരം കാര്യങ്ങൾ അറിയുമ്പോൾ എസ്.കെയുടെ മകളായി പിറന്നതിൽ കുറച്ചേറെ അഭിമാനം തോന്നിയിട്ടുണ്ട്. എസ്.കെ ജന്മശതാബ്ദിയോട് അനുബന്ധമായി കേരളം സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ നടന്ന 'ഓർമ്മയിലെ പൊറ്റെക്കാട്' എന്ന പരിപാടി ഉദ്ഘാടനം ചെയ്തത് എം.ടി ആയിരുന്നു. അന്ന് അദ്ദേഹത്തോടൊപ്പം വേദി പങ്കിടാനും പ്രസംഗിക്കാനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഒന്നുരണ്ടു തവണ എം.ടി പ്രകാശനം ചെയ്ത അച്ഛന്റെ പുസ്തകങ്ങൾ ഏറ്റുവാങ്ങാനും സാധിച്ചു.

*"അവതാരിക എഴുതി, എപ്പോൾ വേണമെങ്കിലും വന്നോളൂ, ഞാൻ വീട്ടിൽത്തന്നെ ഉണ്ടായിരിക്കും" എന്നാണ് എം.ടി പറഞ്ഞത്. ഉടനെ ഞാൻ അദ്ദേഹത്തിന്റെ വീട്ടിലേക്ക് തിരിച്ചു. എം.ടി യുടെ കൈപ്പടയിൽ എഴുതിയ അവതാരിക! അത് അദ്ദേഹത്തിന്റെ ശബ്ദത്തിൽ തന്നെ വായിച്ച് കേൾക്കാനും സാധിച്ചു. അപ്പോഴേക്കും എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ആ കാൽക്കൽ വീണ് അനുഗ്രഹം വാങ്ങിയ ശേഷമാണ് ഞാൻ മടങ്ങിയത്.*



അച്ഛന് എക്കാലവും എം.ടിയോട് ഒരു പ്രത്യേക വാത്സല്യം ഉണ്ടായിരുന്നതായി അദ്ദേഹം എഴുതിയിരുന്ന ഡയറിക്കുറിപ്പുകളിൽ നിന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. നമ്മുടെ കലാസാംസ്കാരിക ജീവിതത്തിന്റെ മാണിക്യക്കല്ല് എന്ന് എം.ടിയെ അച്ഛൻ ഒരിക്കൽ വിശേഷിപ്പിച്ചത് ഞാനിന്നും ഓർക്കുന്നു. 'എസ്.കെ. പൊറ്റെക്കാട്ടിന് ജ്ഞാനപീഠ പുരസ്കാരം' എന്ന വാർത്ത കേട്ട് ഏറ്റവും കൂടുതൽ സന്തോഷിച്ചവരിൽ ഒരാളായിരിക്കും എം.ടി. ആ സമയം മദ്രാസ് ടി വി ക്ക് വേണ്ടി അദ്ദേഹം അച്ഛന്റെ അഭിമുഖം എടുത്തിരുന്നു. "എസ് കെ എന്തിന് എഴുതുന്നു" എന്ന എം.ടിയുടെ ചോദ്യത്തിന് "എനിക്ക് കുറെയേറെ കാര്യങ്ങൾ പറയാൻ ഉണ്ടായിരുന്നു ഇതേ അതിന് മാർഗമുള്ളൂ എന്നു തോന്നി; കുറെയൊക്കെ പറഞ്ഞു. ഇനിയും വളരെയധികം പറയാനുണ്ട്" എന്നായിരുന്നു അച്ഛൻ നൽകിയ മറുപടി.



പൊറ്റെക്കാട്ടിന്റെ മകൾക്ക് വേണ്ടി എം.ടി എഴുതിയ അവതാരിക
(എം.ടിയുടെ കൈപ്പടയിൽ)

എം.ടിയുടെ പിറന്നാൾ ദിനത്തിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിരുന്ന നാല് എഴുത്തുകാരുടെ മക്കൾ സമ്മാനവുമായി പോയിരുന്നു. ബഷീറിന്റെ മകൾ ഷാഹിന, തിക്കോടിയന്റെ മകൾ പുഷ്പ, എൻ.പി. മുഹമ്മദിന്റെ മകൾ ജാസ്മിൻ, പിന്നെ ഞാനും. തുഞ്ചൻ മഠത്തിൽ എം.ടിയുടെ നവതി ആഘോഷത്തിന്റെ ഭാഗമായി നടത്തിയ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതും ഹൃദ്യമായ ഓർമ്മയാണ്.

'അച്ഛനാണ് എന്റെ ദേശം' എന്ന പേരിൽ ഞാനെഴുതിയ പുസ്തകത്തിന് എം.ടി വാസുദേവൻ നായർ എന്ന മഹാരഥൻ അവതാരിക എഴുതിത്തന്നത് ജീവിതത്തിലെ സുകൃതമായി കാണുന്നു. എം.ടിയെക്കൊണ്ട് അവതാരിക എഴുതിക്കണം എന്നുള്ള എന്റെ ആഗ്രഹം കോവിഡ് മഹാമാരി സമയത്ത് അദ്ദേഹത്തെ അറിയിച്ച് ബുദ്ധിമുട്ടിക്കണോ എന്ന് പലകുറി ചിന്തിച്ചിരുന്നു.ആശങ്കപ്പെട്ടിരിക്കുന്ന സമയത്താണ്



എം.ടിയെക്കുറിച്ച് അച്ഛനെഴുതിയ വരികൾ അദ്ദേഹത്തിന്റെ പുസ്തകശേഖരത്തിൽ നിന്ന് ലഭിച്ചത്. അച്ഛന്റെ അനുഗ്രഹത്തോടെ എം.ടി സാറിനെ ഫോൺ ചെയ്തു.സാറിന്റെ അവതാരിക കിട്ടിയാലേ ഈ പുസ്തകം പൂർണമാകൂ എന്ന് പറഞ്ഞുടനെ മറുപടി ലഭിച്ചു. "മാറ്റർ കൊണ്ടുവരൂ, ഞാൻ വായിച്ച് എഴുതിത്തരാം". മഹാനായ എഴുത്തുകാരനിൽ നിന്ന് ആ വാക്കുകൾ കേട്ട് ഹൃദയം എത്രത്തോളം സന്തോഷിച്ചു എന്ന് പറഞ്ഞറിയിക്കാൻ കഴിയില്ല. മാറ്റർ കൊണ്ടുപോയി കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ സഹധർമ്മിണി സരസ്വതി ടീച്ചർ മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. ടീച്ചർ അത് വാങ്ങിവച്ചു. പിറ്റേന്ന് മാറ്റർ ഏല്പിച്ച കാര്യം പറയാൻ വിളിച്ചപ്പോൾ "അവതാരിക എഴുതി, എപ്പോൾ വേണമെങ്കിലും വന്നോളൂ, ഞാൻ വീട്ടിൽത്തന്നെ ഉണ്ടായിരിക്കും" എന്നാണ് എം.ടി പറഞ്ഞത്. ഉടനെ ഞാൻ അദ്ദേഹത്തിന്റെ വീട്ടിലേക്ക് തിരിച്ചു. എം.ടി യുടെ കൈപ്പടയിൽ എഴുതിയ അവതാരിക! അത് അദ്ദേഹത്തിന്റെ ശബ്ദത്തിൽ തന്നെ വായിച്ച് കേൾക്കാനും സാധിച്ചു. അപ്പോഴേക്കും എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ആ കാൽക്കൽ വീണ് അനുഗ്രഹം വാങ്ങിയ ശേഷമാണ് ഞാൻ മടങ്ങിയത്.

ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നിട്ടും സ്വന്തം കൈയക്ഷരത്തിൽ എം.ടി ആ അവതാരിക എഴുതിത്തന്നത് ഞാൻ എസ്.കെയുടെ മകളാണെന്ന വാത്സല്യംകൊണ്ടുകൂടിയായിരിക്കും. ഞാനത് ഒരുനിധി പോലെ ഈ ജീവിതകാലം മുഴുവൻ ഭദ്രമായി സൂക്ഷിക്കും.

■

"ഒരുപക്ഷെ, ഇതായിരിക്കും മരണം. പക്ഷെ മരണം സുഖകരമാണ്,
ശരീരം അണുക്കളായി അപ്രത്യക്ഷമാകുന്ന അവസ്ഥയാണ് മരണമെങ്കിൽ" — എംടി





# രണ്ടാമൂഴക്കാരന്റെ ഹൃദയവ്യഥകൾ

**എംടിയുടെ മാസ്റ്റർപീസ് രചനയായ**
**രണ്ടാമൂഴത്തിലെ ഭീമസേനന്റെ ആത്മസംഘർഷങ്ങളിലൂടെ ..**

വര: സുരേഷ് വയലാർ

**വിപിൻ ജോസ് അർത്തുങ്കൽ**



***മുന്നിൽ*** പോകുന്ന യുധിഷ്ഠിരന് കേൾക്കാവുന്നത്ര ഉച്ചത്തിൽ ഭീമൻ വിളിച്ചുപറഞ്ഞു; "നിൽക്കൂ ജ്യേഷ്ഠാ, ദ്രൗപദി വീണുപോയി" യുധിഷ്ഠിരൻ പിന്തിരിഞ്ഞു നോക്കാതെ പറഞ്ഞു; "അത്ഭുതമില്ല. ഉടലോടെ ദേവപദത്തിൽ എത്താനുള്ള ആത്മവീര്യം അവൾ പണ്ടേ നഷ്ടപ്പെടുത്തി"

കാറ്റിൽ ഒഴുകിയെത്തിയ യുധിഷ്ഠിരന്റെ വാക്കുകൾ വ്യക്തമായി കേട്ടു.
"അവൾ അർജ്ജുനനെ മാത്രമേ സ്നേഹിച്ചിരുന്നുള്ളൂ". യാത്രതുടരൂ. വീഴുന്നവർക്കുവേണ്ടി കാത്തുനിൽക്കാതെ യാത്ര തുടരൂ. യുധിഷ്ഠിരൻ നടക്കുകയാണ്.
അർജ്ജുനൻ, മഹാമേരുവിന്റെ ശൃംഗത്തിൽ നോക്കിക്കൊണ്ട് വഴിമുടക്കി നിൽക്കുന്ന തന്നെ തൊടാതെ വലംവച്ചു കടന്നു നടക്കുമ്പോൾ ഭീമൻ പറഞ്ഞു:
"ദ്രൗപദി വീണുപോയി" അർജ്ജുനൻ കേട്ടില്ല.
ഉരുകിയ സ്വർണ്ണംപോലെ തിളങ്ങുന്ന നകുലന്റെ സുന്ദരരൂപം ഇടതുവശത്തുകൂടെ കടന്നുപോകുമ്പോൾ പിറുപിറക്കുന്നത് കേട്ടു: "ആർക്കുവേണ്ടിയും കാത്തുനിൽക്കാൻ സമയമില്ല"
സഹദേവൻ, വീണുകിടന്ന ദ്രൗപദിയേയും വാരിയെടുത്ത് തന്നെ കടന്നുപോകുന്ന നിമിഷവുംകാത്ത് ഭീമൻ നിന്നു. പിന്നിൽ വീണ ദ്രൗപദിയെ വിട്ട് സഹദേവൻ തനിച്ചുവരില്ല.
അവസാനം സഹദേവൻ ഏകനായി ഇടവും വലവും നോക്കാതെ മുമ്പേ പോയവരുടെ കാലടികളിൽ മാത്രം കണ്ണുകൾ ഉറപ്പിച്ചു കടന്നുപോയപ്പോൾ ഭീമസേനൻ മഹാപ്രസ്ഥാനത്തിന്റെ നിയമം മറന്നു. അയാൾ തിരിഞ്ഞുനിന്നു. എല്ലാ നിയമങ്ങളും ശാസ്ത്രങ്ങളും വിസ്മരിച്ച ഒരു നിമിഷത്തിൽ അദൃശ്യശക്തികൊണ്ട് ആവാഹിച്ചുനിൽക്കുന്ന മേരുവിന്റെ ശൃംഗങ്ങൾ അയാളുടെ പിന്നിലായി. നടന്ന വഴിയിലൂടെ വീണ്ടും ഭീമൻ തളർന്ന കാലുകൾ വലിച്ച് തിരിച്ചുനടന്നു. മുൾച്ചെടികൾക്കിടയിൽ, വരണ്ട മണ്ണിൽ കുഴഞ്ഞുവീണുകിടന്ന ദ്രൗപദിയുടെ സമീപം ഭീമൻ നിന്നു. ചുമലിൽ തൊടാൻ ആഞ്ഞ കൈ പിൻവലിച്ച് ഭീമൻ വിളിച്ചു:
"ദ്രൗപദീ!"
തളർന്നുവീണ ദ്രൗപദി ഇളകി. പിന്നെ പ്രയാസപ്പെട്ട് എഴുന്നേറ്റിരുന്നു. ഒന്നും കാണാത്തപോലെ ചുറ്റും ഉഴറിനടന്ന കണ്ണുകൾ തെളിയുന്നത് ഭീമൻ ആശ്വാസത്തോടെ കണ്ടു.
അയാൾ വീണ്ടും പറഞ്ഞു:
"ഇവിടെ ഞാനുണ്ട്."

*“ആഘോഷിക്കണമെന്ന് തോന്നിയിട്ടില്ല, പക്ഷെ കാലത്തിനോട് നന്ദിയുണ്ട്, ഇത്രയും കാലം അനുവദിച്ചതിന്. അത് ദൈവമാകാം എന്തുമാകാം!.” — എംടി*



എംടിയുടെ രണ്ടാമൂഴത്തിലൂടെ കടന്നുപോകുമ്പോഴൊക്കെ മനസ് ഉടക്കിനിൽക്കുന്ന രംഗമാണിത്. ഭീമസേനന്റെ തരളിതമായ മനസ് വായനക്കാരനു ബോധ്യപ്പെടുന്ന ഹൃദ്യമായ രംഗം. മഹാഭാരത രചനയിൽ വ്യാസൻ മൗനംപാലിച്ച സ്ഥലങ്ങളിൽ വാചാലമായി ചിന്തിച്ച എംടിയുടെ തൂലികയാണ് രണ്ടാമൂഴത്തിലെ ഭീമന്റെ പ്രതിച്ഛായയെ വാനോളമുയർത്തിയത്.ശക്തിയും ബുദ്ധിയും യുദ്ധനൈപുണ്യവും വേണ്ടുവോളമുണ്ടായിട്ടും ‘മന്ദൻ’ എന്ന പരിഹാസം പലരിൽനിന്നും പലവുരു കേൾക്കേണ്ടിവന്ന ഒരു പച്ചമനുഷ്യൻ എന്നനിലയിൽവേണം എംടിയുടെ ഭീമൻ വായിക്കപ്പെടേണ്ടത്.

ഗുരുവിന്റെ ആ വേർതിരിവിൽ ഭീമന്റെ മനസ് വേദനിച്ചിട്ടുണ്ടാവില്ലേ. ഭീമന്റെ കൈക്കരുത്തിൽ തലചായ്ച്ചാണ് മറ്റുള്ളവരെല്ലാം ഉറങ്ങുന്നതെന്ന് യുധിഷ്ഠിരൻ കുന്തിയോടു പറയുമ്പോൾ ഭീമന്റെ യഥാർത്ഥ കരുത്ത് എംടി തുറന്നുകാട്ടുകയാണ്.



കുട്ടിക്കാലംമുതൽ ഒറ്റപ്പെടൽ ഒറ്റപ്പെടലിന്റെയും അവഗണനയുടെയും പരിഹാസത്തിന്റെയും നഷ്ടസ്വപ്നങ്ങളുടെയും ആകെത്തുകയാണ് രണ്ടാമൂഴത്തിലെ ഭീമൻ. കുട്ടിക്കാലംമുതൽ ഒറ്റപ്പെടൽ അനുഭവിക്കുന്നുണ്ട് ഭീമൻ. ചെയ്യാത്ത കുറ്റങ്ങൾക്ക് പഴിക്കേൾക്കുന്നുണ്ട്. കൗമാരത്തോടടുക്കുന്ന പ്രായത്തിൽ പാഞ്ഞുവന്ന ഒറ്റപ്പന്നിയെ ഭീമൻ കുന്തംകൊണ്ടു കുത്തിവീഴ്ത്തുമ്പോൾ ഒരാൾപോലും അവനെ അഭിനന്ദിക്കുന്നില്ല. എന്നാൽ ആദ്യമായി ഒരു മൃഗത്തെ വീഴ്ത്തിയപ്പോൾ വിദുരർ അർജ്ജുനനുവേണ്ടി ബലി നടത്തുന്നുണ്ട്. പലരും അർജ്ജുനനെ അഭിനന്ദനങ്ങൾകൊണ്ടു മൂടുന്നതുകണ്ട് കൊച്ചുഭീമന്റെ മനസ് എത്രയോ വേദനിച്ചിട്ടുണ്ടാവും. ഗദായുദ്ധമാണ് ഭീമനു ചേരുന്നതെന്ന് ദ്രോണർ നിശ്ചയിക്കുമ്പോൾ ഭീമൻ അതിനോട് എതിർക്കുന്നില്ല എന്നുമാത്രമല്ല, പിന്നീട് അതിൽ അഗ്രഗണ്യനാവുകയും ചെയ്യുന്നു. അപ്പോഴും അതൊരു സ്വാഭാവിക പരിണാമമെന്നേ എല്ലാവരും കരുതുന്നുള്ളൂ. ഗദായുദ്ധത്തിൽ ദുര്യോധനനെ പരാജയപ്പെടുത്തുമ്പോഴും ദ്രോണരും കൃപാചാര്യരുമൊക്കെ, അതൊരു അഭ്യാസക്കാഴ്ച എന്ന് നിസാരവൽക്കരിക്കുകയാണ് ചെയ്യുന്നത്. മനസ്സുനിറഞ്ഞൊരു അഭിനന്ദനം ഒരിടത്തുനിന്നും ഭീമനു ലഭിക്കുന്നില്ല. പല അവസരങ്ങളിലും അസ്ത്രവിദ്യയിൽ അനുപമമായ അഭ്യാസചാതുരി ഭീമൻ പ്രകടിപ്പിക്കുമ്പോഴും സർവാസ്ത്രങ്ങളും പഠിച്ച വത്സലശിഷ്യൻ അർജ്ജുനനായിരുന്നു ദ്രോണർക്ക്. ഗുരുവിന്റെ ആ വേർതിരിവിൽ ഭീമന്റെ മനസ് വേദനിച്ചിട്ടുണ്ടാവില്ലേ. ഭീമന്റെ കൈക്കരുത്തിൽ തലചായ്ച്ചാണ് മറ്റുള്ളവരെല്ലാം ഉറങ്ങുന്നതെന്ന് യുധിഷ്ഠിരൻ കുന്തിയോടു പറയുമ്പോൾ ഭീമന്റെ യഥാർത്ഥ കരുത്ത് എംടി തുറന്നുകാട്ടുകയാണ്.

**മാനുഷികദൗർബല്യങ്ങളുള്ള യഥാർത്ഥ മനുഷ്യൻ**

ദ്രൗപദീസ്വയംവരം കഴിഞ്ഞ് വീട്ടിലെത്തി, “അമ്മേ, ഇന്നുകിട്ടിയ ഭിക്ഷ കാണേണ്ടേ” എന്നു ഭീമൻ ചോദിക്കുമ്പോൾ, “എല്ലാവരുംകൂടി പങ്കിട്ട് അനുഭവിച്ചോളൂ” എന്നാണ് കുന്തി പറയുന്നത്. ആ വാക്കിൽപ്പിടിച്ച് ദ്രൗപദിയിൽ കണ്ണുവയ്ക്കുന്ന യുധിഷ്ഠിരനോട് അതു തെറ്റാണെന്നു പറയാതെ പറയുന്നതും ഭീമനാണ്. എന്നാൽ, “ദ്രൗപദിയെ പ്രാപിക്കണമെന്നു നിനക്കും തോന്നിയില്ലേ?” എന്ന് കുന്തി ചോദിക്കുമ്പോൾ ഭീമൻ വെറുമൊരു സാധാരണ മനുഷ്യനായി മാറുന്നതും നമ്മൾ കാണുന്നു.

ദ്രൗപദി കാത്തിരിക്കുന്ന ഈ രാത്രിയിൽ പകുതിയും കഴിഞ്ഞിരിക്കും ഇപ്പോൾ. യാമങ്ങൾ പോയതറിഞ്ഞില്ല.

നാലു വർഷങ്ങൾക്കുശേഷം വീണ്ടും ദ്രൗപദി. ഞാൻ എഴുന്നേറ്റു കുടിലിലെത്തിയപ്പോൾ മങ്ങിയ ഇരുട്ടിൽ അവൾ കിടക്കുന്നതു കണ്ടു. ഉറങ്ങിക്കഴിഞ്ഞിരിക്കുന്നു. കുനിഞ്ഞ് അടുത്തുനിന്നു മുഖത്തു നോക്കിയപ്പോൾ നേരിയ മന്ദഹാസം ചുണ്ടുകളിൽ. ഞാൻ തൊണ്ടയനക്കി വിളിക്കാൻ ഭാവിക്കുമ്പോൾ ദ്രൗപദി കണ്ണുതുറക്കാതെ പിറുപിറുത്തു.

“പറയൂ, കാലകേയവധം മുഴുവൻ പറയൂ..”

ഞാൻ നിവർന്നുനിന്നു.





വേണ്ട. എനിക്കീ രാത്രിയിൽ മനസ്സ് അർജ്ജുനനെ സ്വപ്നം കാണുന്ന അവളുടെ തണുത്ത ശരീരം വേണ്ട'. ഒരു പുൽപ്പായയെടുത്ത് പുറത്ത് തീക്കുണ്ഡത്തിനു ചുറ്റും അനുജന്മാർ കിടക്കുന്നതിനിടയ്ക്കു വിരിക്കാൻ സ്ഥലം അന്വേഷിച്ച് കുടിലിൽനിന്നു പുറത്തുകടക്കുന്ന ഭീമന്റെ മനസ്സിൽ എന്തായിരുന്നിരിക്കും അപ്പോൾ...?

പിന്നീടൊരിക്കൽ ദ്രൗപദിയുടെ മടിക്കുത്തിൽ ദുശ്ശാസനൻ കൈവച്ചപ്പോൾ, "ഇവനെക്കൊന്നു ചോര കുടിച്ചില്ലെങ്കിൽ ഞാൻ ഭീമസേനനല്ല" എന്ന് അലറാൻ പാണ്ഡവരുടെ കൂട്ടത്തിൽ ഭീമനല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. മറ്റൊരവസരത്തിൽ ദ്രൗപദിക്കുവേണ്ടി കീചകനെ കൊല്ലുന്നതും ഭീമനാണ്. ഈ ദ്രൗപദിപോലും നിരവധിതവണ ഭീമനെ അവഗണനയുടെ ആഴങ്ങളിലേക്ക് തള്ളിയിടുന്നുണ്ട് എന്നതും നമ്മൾ കാണുന്നുണ്ട്.

### വാടിപ്പോയ സൗഗന്ധികപ്പൂക്കൾ

"ഞാൻ ഒരുപിടി സൗഗന്ധികപ്പൂക്കൾ പറിച്ചെടുത്തു. എന്നിട്ട് നകുലന്റെ പരിഹാസഭാവം അവഗണിച്ച് ദ്രൗപദിക്കു നീട്ടി. അവൾ പൊയ്കയുടെ മനോഹാരിത ആസ്വദിക്കുമെന്നും എന്തെങ്കിലുമൊക്കെ പറയുമെന്നും ഞാൻ കരുതി.

കൈയിൽ വാങ്ങിയ പൂക്കൾ ഒന്നു മണപ്പിക്കുകപോലും ചെയ്യാതെ അവൾ യുധിഷ്ഠിരനു നീട്ടി. ചിലരുടെ വിഡ്ഢിത്തംകൊണ്ട് ആവശ്യമില്ലാതെ വഴിനടക്കേണ്ടിവന്നതിനെപ്പറ്റി എന്തോ പിറുപിറുത്തുകൊണ്ട് അദ്ദേഹം നടന്നു.
പിന്നെ ഞങ്ങളും നടക്കാൻ തുടങ്ങി. വഴിക്കൊരിടത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ തണ്ടുകളോടുകൂടി ഒരുപിടി സൗഗന്ധികപ്പൂക്കൾ മണ്ണിൽ കിടക്കുന്നതു ഞാൻ കണ്ടു."

ഭീമസേനനു നേരിടേണ്ടിവന്ന അവഗണനയും അതിന്റെ തുടർച്ചയായുള്ള ആത്മസംഘർഷവും ഈ രംഗത്തിൽ എംടി ഹൃദയഹാരിയായി വരച്ചുകാട്ടുന്നുണ്ട്. പലപ്പോഴും മനസ്സു നീറി, ഹൃദയത്തിൽ നിന്നു ചോരപൊടിയുമ്പോഴും സഹോദരങ്ങൾക്കും ഭാര്യക്കുംവേണ്ടി എന്തുംചെയ്യാൻ ആ ബലവാൻ സധൈര്യം മുന്നിൽനിന്നു എന്നിടത്താണ് ഭീമൻ അനുവാചകരുടെ മനസ്സിൽ മഹാനാകുന്നത്.


തന്റെ കഴിവും ധൈര്യവും മറ്റുള്ളവർ മനസിലാക്കുന്നതായി തോന്നിയ ചില അവസരങ്ങൾ ഭീമന്റെ അഭിമാനം ഉണർത്തിയിട്ടുണ്ടാവണം. യുദ്ധസമയത്ത് സൈനികവ്യൂഹത്തിന്റെ മുന്നണിയിൽ നയിക്കേണ്ടത് ആരാകണം എന്ന ചർച്ചവരുമ്പോൾ യുധിഷ്ഠിരൻ ഭീരുവായി മാറുന്നതുകാണാം. മുന്നണിയിൽ ഭീമൻ നിൽക്കുമെന്ന് അർജ്ജുനൻ പറയുമ്പോൾ ഭീമന്റെ മനസ് തീർച്ചയായും സന്തോഷിച്ചിട്ടുണ്ടാവും

### വിതുമ്പിയ പിതൃഹൃദയം

ദ്രോണരുടെ ബുദ്ധിയിൽ ചക്രവ്യൂഹം തീർത്ത്, കൗമാരം കടക്കാത്ത അഭിമന്യുവിനെ വളഞ്ഞിട്ടു കൊല്ലുമ്പോൾ ആ വേർപാടിൽ ഭീമൻ വളരെയേറെ ദുഖിക്കുന്നുണ്ട്. എന്നാൽ അയാൾ തീർത്തും തകർന്നുപോകുന്നത് സ്വന്തം പുത്രനായ ഘടോൽക്കചന്റെ മരണത്തിലാണ്.



ഘടോൽക്കചൻ മരിച്ചപ്പോൾ ദുഃഖിച്ചിരുന്ന യുധിഷ്ഠിരനോട് കൃഷ്ണൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. "എന്തിനാണ് ദുഃഖം? ഘടോൽക്കചനുവേണ്ടി? അർജ്ജുനന്റെ നേരേ അവസാന കൈയിനു വെച്ച വേൽ കൂടി എടുത്തു പ്രയോഗിച്ചു കർണ്ണൻ. അതാലോചിക്കാത്തതെന്താണ്? അർജ്ജുനൻ രക്ഷപെട്ടില്ലേ? ആഘോഷമാണിപ്പോൾ വേണ്ടത് പാണ്ഡവപാളയത്തിൽ". ജീവിതത്തിൽ ഒരാളെ മാത്രമേ കൊല്ലൂ എന്ന് നിശ്ചയിച്ചിരുന്ന കർണന്റെ വേൽ ആണ് ഘടോൽക്കചന്റെ ജീവനെടുക്കുന്നത്. കർണൻ ലക്ഷ്യമിട്ടിരുന്ന അർജ്ജുനൻ അതോടെ രക്ഷപ്പെട്ടില്ലേ എന്നതാണ് കൃഷ്ണന്റെ സന്തോഷം. "ഭീമപുത്രനാണെങ്കിലും കാട്ടാളനാണ്. രാക്ഷസപ്രകൃതി, യജ്ഞവിദ്വേഷി, ബ്രാഹ്മണശത്രു, അവനെ എന്നെങ്കിലും കൊല്ലേണ്ടിവരും.






ചത്തതു രണ്ടുനിലയ്ക്കും സൗകര്യമായി. 'നീമാത്രമാണ് ആശ്രയം' എന്നുപറഞ്ഞ് അവനെ കർണ്ണന്റെനേർക്കു വിട്ടത് ഞാൻ ഒന്നും കാണാതെയല്ല" എന്നുകൂടി കൃഷ്ണൻ പറയുമ്പോൾ, അതുകേട്ടുകൊണ്ടിരിക്കുന്ന ഭീമന്റെ പിതൃഹൃദയം അനുഭവിച്ച വേദന എത്രയായിരിക്കും? പാണ്ഡവപക്ഷത്തു മരിച്ചവരുടെ കണക്കെടുക്കുമ്പോൾ അതിൽപ്പോലും ഘടോൽക്കചന്റെ പേരില്ല. "കാട്ടാളന്റെ മരണം പാടിക്കേൾക്കേണ്ട വീരചരിതമല്ല" എന്ന് ഭീമൻ ചിന്തിക്കുമ്പോൾ ആ മനുഷ്യനോട് നമുക്ക് ദയനീയത കലർന്ന വല്ലാത്തൊരു സ്നേഹം തോന്നിപ്പോകും.

**കൈവിട്ടുപോയ രാജസിംഹാസനം**

അവസാനം, യുദ്ധവിജയത്തിനുശേഷം രാജ്യം ആരു ഭരിക്കണം എന്ന ആലോചന വന്നപ്പോൾ, "ഭീമൻ ഭരിക്കട്ടെ" എന്നാണ് അർജ്ജുനൻ പറഞ്ഞത്. "ഈ ഭീമന്റെ കൈകൾകൊണ്ടാണ് കൗരവർ മരിച്ചത്. ക്ഷത്രിയനിയമമനുസരിച്ച് യുദ്ധം ജയിച്ചവനുള്ളതാണ് സിംഹാസനം. ഭരിക്കാൻ സർവ്വഥാ അർഹനാണ് ഭീമസേനൻ" എന്നാണ് അർജ്ജുനന്റെ പക്ഷം. നകുലനും സഹദേവനും അർജ്ജുനനെ പിന്താങ്ങി. എന്നാൽ കുന്തി അതിനെ എതിർക്കുന്നു. "ധർമശാസ്ത്രവും രാജനീതിയും അറിയാത്ത നീ യോഗ്യനല്ല. ഭീമനല്ല, യുധിഷ്ഠിരൻ രാജാവായാൽ മതി" എന്ന് അവർ പറയുമ്പോൾ ഭീമന്റെ ആത്മഗതമുണ്ട്. "ഞാൻ രാജാവോ? വൃകോദരൻ ഹസ്തിനപുരത്തിലെ രാജാവോ? വിഡ്ഢിത്തം!." പിന്നെ ഭീമൻ ചിരിക്കുന്നു. ആ ചിരി വിദുരർ അടക്കമുള്ളവർക്ക് ആശ്വാസമാകുന്നു. എല്ലാവരും പിരിഞ്ഞുപോയപ്പോൾ ചിരിക്കാൻ മറന്ന ഭീമൻ ശയ്യയിൽ ഇരുന്നു. ഒരു വിനാഴികമാത്രം മനസ്സിൽ ഹസ്തിനപുരം ഭരിച്ചു സ്ഥാനത്യാഗംചെയ്ത രാജാവ്...! അതോർത്തു ഭീമസേനൻ ഇരുട്ടിലും ചിരിച്ചു. "മഹാബലർ കരയാൻ പാടില്ലല്ലോ" എന്ന വാക്കിൽ ഭീമസേനന്റെ നഷ്ടദുഃഖത്തെ എംടി വരച്ചിടുന്നു.




മലയാളഭാഷയിലും സിനിമയിലും അത്ഭുതങ്ങൾകാട്ടി സാഹിത്യ സിനിമാ സ്നേഹികളെ വേറിട്ട ആസ്വാദനത്തിന്റെ 'നാലുകെട്ടി'നുള്ളിൽ തളച്ചിട്ട ആ മനോഹര'കാലം' അവസാനിച്ചു. വായനയുടെ 'പാതിരാവും പകൽവെളിച്ചവും' പുതിയതലമുറയുടെ മനസുകളിൽ 'മഞ്ഞു'പെയ്യുന്നൊരു ഓർമയായി നിലനിൽക്കും.

അവഗണനയുടെയും അവഹേളനങ്ങളുടെയും ചക്രവ്യൂഹത്തിൽപ്പെട്ടു നിസ്സഹായനായി നിൽക്കേണ്ടിവന്ന ഭീമസേനന്റെ ആത്മനൊമ്പരങ്ങൾ വായനക്കാർ അവരുടേതായി ഏറ്റെടുത്തതുകൊണ്ടാണ് എംടിയുടെ രണ്ടാമൂഴവും ഭീമനും അത്രമേൽ പ്രിയപ്പെട്ടതായതും കാലങ്ങളെ അതിജീവിക്കുന്നതും.

ഭീമൻ മന്ദഹസിച്ചു. പിന്നെ ദ്രൗപദിയുടെ നെറ്റിത്തടം തഴുകി. ദ്രൗപദി ഒരിക്കൽക്കൂടി കണ്ണുകൾ തുറന്നടച്ചു. ശരീരം നിശ്ചലമായി. വിയർപ്പിൽമുങ്ങിയ ശിരസ് അയാൾ താഴെവച്ചു. ഇപ്പോൾ താമരപ്പൂവിന്റെ ഗന്ധമില്ല. മനുഷ്യവിയർപ്പിന്റെ മണം.

ഭീമൻ എഴുന്നേറ്റു. ചെങ്കുത്തായ വഴിയിലൂടെ ഇടറാത്ത കാലുകൾ അമർത്തിച്ചവിട്ടി, വീണുകിടക്കുന്ന ശ്യാമമേഘം പോലെ താഴത്തു കാണുന്ന വനഭൂമിയിലെത്താൻ വേണ്ടി ഭീമസേനൻ നടന്നു. അപ്പോൾ വഴികാട്ടാൻ വേണ്ടി, വെള്ളപ്പറവകൾ മേഘങ്ങളിൽ നിന്ന് ഇറങ്ങി വ്യൂഹംചമച്ച് മുമ്പേ, താഴ്വരയിലേക്കു പറന്നു...

**കാലം നെഞ്ചിലേറ്റിയ കരുത്തൻ**

പലരും പറയുന്നപോലെ, ഇനിയും ഒരുപാടു കഥകൾ പറയാൻ ബാക്കിവെച്ചാണ് എംടി അരങ്ങൊഴിഞ്ഞത് എന്ന് കരുതാനാവില്ല. ഒരു മനുഷ്യായുസ്സിനുള്ളിൽ പറയാൻകഴിയുന്നതിനപ്പുറം കഥാപാത്രങ്ങൾ ആ മനസിൽ നിന്ന് ഇറങ്ങിവന്നു. മാറ്റിവെക്കാനാവാത്തത്രയും മഹത്തരങ്ങളായിരുന്നു അവയെല്ലാം. കാലങ്ങളെത്ര കഴിഞ്ഞാലും അവയുടെ പെരുമയും പ്രസക്തിയും അൽപ്പംപോലും കുറയുന്നില്ല എന്നതാണ് വായനക്കാരന്റെ ആത്മാവറിഞ്ഞ ആ അക്ഷരങ്ങളുടെ ശക്തി.

മലയാളഭാഷയിലും സിനിമയിലും അത്ഭുതങ്ങൾകാട്ടി സാഹിത്യ സിനിമാ സ്നേഹികളെ വേറിട്ട ആസ്വാദനത്തിന്റെ 'നാലുകെട്ടി'നുള്ളിൽ തളച്ചിട്ട ആ മനോഹര'കാലം' അവസാനിച്ചു. വായനയുടെ 'പാതിരാവും പകൽവെളിച്ചവും' പുതിയതലമുറയുടെ മനസുകളിൽ 'മഞ്ഞു'പെയ്യുന്നൊരു ഓർമയായി നിലനിൽക്കും. ആ കാവ്യാക്ഷരങ്ങളുടെ 'ഓളവും തീരവും' സംഗമിച്ചൊരു 'കാല'ത്തിൽ ജീവിക്കാൻകഴിഞ്ഞു എന്നതാണ് നമ്മുടെ ഭാഗ്യം. ഇനിയൊരു 'രണ്ടാമൂഴ'മില്ലാതെ ആ മഹാന്റെ ഓർമ്മകൾ 'വിലാപയാത്ര'യായി അരങ്ങൊഴിയുമ്പോൾ മനസ്സിൽ 'വേദനയുടെ പൂക്കൾ' നിറയുന്നു.....





# ഞാൻ പാടുന്ന പാട്ടുകളിലും ഭാവം നിറക്കുന്ന ഭാവഗായകൻ

ജെയ്സൺ കാളിയാനിൽ

*'**ഒന്നിനി** ശ്രുതി താഴ്ത്തി പാടുക പൂങ്കുയിലേ,*
*എന്നോമലുറക്കമായ് ഉണർത്തരുതേ..'*

നാലു പതിറ്റാണ്ട് മുൻപ് മലയാളത്തിന്റെ പ്രിയപ്പെട്ട കവി ഒഎൻവി എഴുതി, സംഗീത കുലപതി ജി ദേവരാജൻ മാസ്റ്റർ ചിട്ടപ്പെടുത്തി, പ്രശസ്ത ഗായകൻ പി ജയചന്ദ്രൻ പാടിയ ഈ 'ഉറക്കുപാട്ട്' എന്റെ കൗമാര കാലഘട്ടത്തിൽ ദൂർദ ർശനിലൂടെ സംപ്രേഷണം ചെയ്ത ലളിതഗാനമായി ശ്രവിച്ചപ്പോഴാണ് ജയേട്ട ന്റെ ആലാപന ശൈലിയിലെ പ്രത്യേകത ആദ്യമായി ശ്രദ്ധിക്കുന്നത്.

പാട്ട് കേൾക്കാൻ തുടങ്ങിയ പ്രായം മുതൽ എപ്പോഴും യേശുദാസായിരുന്നു എന്നെ ആശ്ചര്യപ്പെടുത്തുന്ന, ആദരിക്കപ്പെടുന്ന, ഞാൻ ആരാധിക്കുന്ന ഗായക ൻ. അദ്ദേഹത്തിന്റെ പാട്ടുകൾ മാത്രമായിരുന്നു ബാല്യ കൗമാര കാലത്തിലെ ഇഷ്ടഗാനങ്ങളിൽ ഭൂരിഭാഗവും. റേഡിയോയിൽ വല്ലപ്പോഴും മാത്രം കേൾക്കാൻ കഴിയുന്ന ചലച്ചിത്രഗാനങ്ങളായിരുന്നു എന്നും പ്രിയപ്പെട്ടത്. ദാസേട്ടൻ കഴി ഞ്ഞാൽപ്പിന്നെ ജാനകിയമ്മ ആയിരുന്നു ഇഷ്ടപ്പെട്ടവരുടെ ലിസ്റ്റിലെ രണ്ടാ മത്തെയാൾ.ജയചന്ദ്രനും ബ്രഹ്മാനന്ദനും എഎം രാജയും പി സുശീലയും വാണി ജയറാമും ഒക്കെ ദാസേട്ടന്റെ പാട്ടിനായുള്ള കാത്തിരിപ്പിനിടയിൽ കേൾ ക്കുന്ന പാട്ടുകാർ മാത്രമായിരുന്നു അന്നെനിക്ക്. എന്റെ ആരാധനക്ക് അർഹ നായുള്ളത് എപ്പോഴും ദാസേട്ടൻ മാത്രമായിരുന്നു. കേൾക്കുന്ന പാട്ടുകൾ മൂ ളിനടക്കുമ്പോൾ അത് കേൾക്കുന്ന ചിലരൊക്കെ ഈ കുട്ടിക്ക് പാട്ടുപാടാനുള്ള വാസനയുണ്ടെന്നൊക്കെ പറഞ്ഞ് എന്നെ പ്രോത്സാഹിപ്പിക്കുമായിരുന്നു. പക്ഷേ എന്നെ പാട്ടു പഠിപ്പിക്കാൻ അന്ന് ഞങ്ങളുടെ നാട്ടില്ലെങ്ങും ശാസ്ത്രീയ സംഗീതം പഠിച്ചവ ർ ആരുമില്ലായിരുന്നു. അപ്പോഴാണ് ആകാശ വാണിയിലെ ലളിത സംഗീത പാഠങ്ങളെക്കുറ ച്ചു കേട്ടതും ശ്രദ്ധിച്ചതും. അതിനുശേഷം സി നിമാപ്പാട്ടിനോടൊപ്പം ലളിതഗാനങ്ങളും കേൾക്കാനും പഠിക്കാനുമുള്ള ശ്രമങ്ങളായി. അങ്ങനെയാണ് ജയേട്ടന്റെ ആ 'ഉറക്കു പാട്ട്' അന്ന് ടിവിയിൽ കേട്ടപ്പോൾ അത് നേരെ എ ന്റെ ഹൃദയത്തിൽ കൊണ്ടത്. വീണ്ടും കേട്ടപ്പോൾ അതിന് എന്തൊക്കെയൊ പ്രത്യേകതകൾ ഉണ്ടെന്ന് തോന്നി. പിന്നീട് ജയേട്ടൻ പാടിയ പാട്ടുകൾ കൂടുതൽ ശ്ര ദ്ധയോടെ ഞാൻ കേൾക്കാൻ തുടങ്ങി. അപ്പോഴാണ് ജയേട്ടന്റെ പാട്ടിനെ മനോഹര മാക്കുന്ന ആ മാജിക് ആലാപനത്തിലെ ലാളി ത്യവും, അതിൽ നിറഞ്ഞു തുളുമ്പുന്ന ഭാവ വും ആണെന്ന് മനസ്സിലായത്. നല്ലതുപോലെ പാട്ടു പാടണമെങ്കിൽ സംഗീതം ശാസ്ത്രീയ മായി പഠിക്കണമെന്നുള്ള വിശ്വാസവും, അ തിന് കഴിയാത്തതുകൊണ്ട് സ്കൂളിലെ പാട്ട് മത്സരങ്ങൾക്ക് പോലും പങ്കെടുക്കാനുള്ള ആ ത്മവിശ്വാസവും പത്താം ക്ളാസുവരെ എനി ക്കില്ലായിരുന്നു. പക്ഷേ ഞാനേറെ ഇ ഷ്ടപ്പെടുന്ന, നിരവധി അവാർഡുകൾ നേടി യ പാട്ടുകൾ പാടിയ ജയചന്ദ്രൻ എന്ന ഗായ കൻ കാര്യമായി ശാസ്ത്രീയ സംഗീതം പഠി ക്കാത്ത ആളാണെന്ന തിരിച്ചറിവ് എനിക്കും വളരെ ആത്മവിശ്വാസം നൽകി. അങ്ങനെ കോളേജിൽ പ്രീ ഡിഗ്രി പഠന കാലം മുതൽ ഞാനും ഒരു പാട്ടുകാരനായി. ജയേട്ടൻ പാടി യതുപോലെ എന്റെ പാട്ടുകളിലും ഭാവം കൊടുക്കാൻ ഞാൻ ശ്രമിച്ചു. അപ്പോൾ എ ന്റെ പാട്ടിനും കുറച്ച് ആരാധകരെയൊ ക്കെ കിട്ടിത്തുടങ്ങി. അങ്ങനെയൊക്കെ നോക്കിയാൽ ഗുരുമുഖത്തുനിന്നും പാട്ടു പഠി ക്കാത്ത എന്റെ ഗുരുനാഥനാണ് ജയേട്ടൻ, എന്നെയൊരു പാട്ടുകാരനാക്കിയ പാട്ടാണ് ജയേട്ടൻ പാടി അനശ്വരമാക്കിയ ആ 'ഉറ ക്കുപാട്ട്'. എല്ലാക്കാലത്തും എന്റെ പ്രിയപ്പെട്ട പാട്ടുകളിൽ ഒന്ന്. ജയേട്ടന്റെ എല്ലാ പാട്ടുക ളും ഏറെ ഇഷ്ടത്തോടെ ശ്രവിക്കുന്ന, അതൊക്ക പാടാൻ ശ്രമിക്കുന്ന ഒരു ആരാധ കനാണ് എന്നും ഞാൻ.



അനശ്വരമായ അനേകഗാനങ്ങൾ പാടിത്തന്ന ജയേട്ടന് ആദരാഞ്ജലികൾ

എഴുത്തിന്റെ കുലപതിക്ക്
വേൾഡ് മലയാളി ഫെഡറേഷന്റെ
പ്രണാമം





*"അറിയാത്ത അത്ഭുതങ്ങളെ ഗർഭത്തിൽ വഹിക്കുന്ന മഹാസമുദ്രങ്ങളെക്കാൾ അറിയുന്ന എന്റെ നിളാനദിയാണെനിക്കിഷ്ടം." — എംടി*

രാജൻ വി കോക്കൂരി





**ചരിത്രകഥകൾ** കേട്ടാണ് ഞാൻ വളർന്നത്. ശരിയായ പാതകൾ ഇല്ലായിരുന്നെന്നും ടിപ്പു സുൽത്താൻ കേരളം ആക്രമിച്ച കാലത്ത്, തൃശ്ശൂരിനടുത്തുള്ള കൊടുങ്ങല്ലൂരിൽ നിന്ന് വള്ളുവനാട്ടിലെ ഷൊർണൂരിലേക്ക് ഒരു റോഡ് രൂപം കൊണ്ടു എന്നുമാണ് കേട്ടിട്ടുള്ളത്. എന്റെ ഗ്രാമമായ ആറ്റൂരിൽ നിന്ന് നിള നദിയും ഇതിഹാസ സാഹിത്യകാരൻ എം.ടി. വാസുദേവൻ നായരുടെ ഗ്രാമമായ കൂടല്ലൂരും അധികം ദൂരെയല്ല. ഞങ്ങൾ കേട്ടുവളർന്ന ഐതിഹ്യങ്ങളുടെ വേരുകൾ അതുകൊണ്ടുതന്നെ രണ്ടല്ല. എം.ടി യെക്കുറിച്ചുള്ള ഓർമ്മകളിലേക്ക് എത്തിനോക്കുന്നത് സ്വന്തം ഭൂതകാലത്തിലേക്ക് ആഴ്ന്നിറങ്ങുന്നതുപോലുള്ള അനുഭൂതിയാണ്.

പ്രൈമറിസ്കൂളിൽ പഠിക്കുമ്പോൾ അമ്മായിയുടെ വീട്ടിലേക്ക് അമ്മയുടെ കൂടെ പോയ ഒരു അവധിക്കാലമാണ് ഭാരതപ്പുഴയെക്കുറിച്ച് നിറം മങ്ങാത്ത ഓർമ്മ സമ്മാനിച്ചത്. ഭാരതപ്പുഴയിൽ നിന്ന് ഒരു കല്ല് ദൂരത്ത് സ്ഥിതിചെയ്യുന്ന കണ്ണംകുമരത്ത് തറവാട്. അമ്മായിയുടെ വീട്ടിൽ പ്രേംനസീർ, ശാരദ, അടൂർ ഭാസി എന്നിങ്ങനെ സിനിമാലോകത്തെ വലിയൊരു സംഘത്തെ കണ്ട് ആഹ്ലാദം ഇടകലർന്ന അമ്പരപ്പായിരിക്കാം എന്നെ ഗ്രസിച്ചത്. എം.ടി. വാസുദേവൻ നായരുടെ കഥയെ ആസ്പദമാക്കി ഒരുക്കുന്ന 'ഇരുട്ടിന്റെ ആത്മാവ്' എന്ന സിനിമയുടെ ചിത്രീകരണത്തിനാണ് ആ സംഘം എത്തിയത്. തിരികെ ബസ്സ് കയറാൻ നടക്കുമ്പോൾ അടയ്ക്ക മരത്തിൽ പ്രേംനസീർ കയറുന്ന രംഗം ഷൂട്ട് ചെയ്യുന്നത് കണ്ടു. പുതുശ്ശേരി ഗ്രാമത്തിലെ ഒരു നമ്പൂതിരി മനയുടെ വളപ്പിലായിരുന്നു സിനിമയുടെ ചിത്രീകരണം.

എന്റെ സ്കൂൾ സ്ഥിതിചെയ്യുന്ന ചെറുതുരുത്തിയും കേരള കലാമണ്ഡലവും എല്ലാം ഓരോരോ കഥകളുടെ വേരുകൾ മനസ്സിന്റെ താളുകളിൽ ഒളിഞ്ഞുകിടക്കുന്നത്.

ഹൈസ്കൂൾ കാലത്ത് വാഴലക്കാവ് പയംകുളം ദേവി ക്ഷേത്രത്തിൽ വച്ചാണ് 'നിർമാല്യം' എന്ന സിനിമയുടെ ചില ഭാഗങ്ങൾ ചിത്രീകരണം നടന്നത്. ആ ക്ഷേത്രത്തിനടുത്തുള്ള എന്റെ പ്രിയപ്പെട്ട ഗ്രാമങ്ങളായ പാഞ്ഞാളും ആറ്റൂരും ചെറുതുരുത്തിയും, ഷൊർണൂർ പട്ടണവുമൊക്കെ മലയാളത്തിലെ എം.ടിയുടെ കുട്ട്യേടത്തി ഉൾപ്പെടെയുള്ള സൂപ്പർ ഹിറ്റ് സിനിമകളുടെ ലൊക്കേഷനുകളായിരുന്നു.

# ആൾക്കൂട്ടത്തിൽ ഒറ്റയ്ക്ക് എം.ടി.



ഹൃദയസ്പർശിയായ കഥകൾ പറയാൻ എം.ടിയുടെ വൈഭവം ആദ്യമൊക്കെ അത്ഭുതമായിരുന്നു. വായിച്ചറിയും തോറും അത് ആരാധനയിലേക്ക് വഴിമാറി. അദ്ദേഹത്തിന്റെ ഭൂരിഭാഗം കഥകളും പരിചയമുള്ള വ്യക്തികളെയും സ്ഥലങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണെന്നതും എന്നെ ആ എഴുത്തുകാരനിലേക്ക് അടുപ്പിച്ചു. നിരപരാധികളുടെ വേദനയും നഷ്ടബോധവും ഉൾപെടുത്തി ആരും പറയാത്ത കഥകൾ ലളിതവും സാധാരണക്കാർക്ക് മനസ്സിലാകുന്നതും ഹൃദയത്തിൽ തങ്ങുന്നതുമായ ഭാഷയിൽ എം.ടി. എഴുതിവച്ചു.

മുത്തശ്ശിയിൽ നിന്നും മറ്റ് കുടുംബാംഗങ്ങളിൽ നിന്നും ധാരാളം കഥകൾ കേട്ടാണ് എം.ടി വളർന്നത്. അദ്ദേഹത്തിന്റെ അമ്മ വളരെ ഉദാരമതിയായിരുന്നു. ജീവിതക്ലേശങ്ങൾക്കിടയിലും മറ്റുള്ളവർക്കായുള്ള കരുതലിനെക്കുറിച്ച് അമ്മ പകർന്ന പാഠങ്ങളാകാം എം.ടി യെ ഒരു മനുഷ്യസ്നേഹിയാക്കി മാറ്റിയത്.


മൂത്തസഹോദരൻ കോളേജിൽ പഠിക്കുമ്പോൾ സാമ്പത്തികസ്ഥിതി മോശമായതിനാൽ ,പത്താം ക്ലാസ് കഴിഞ്ഞ ഉടനെ എം.ടി ക്ക് കോളേജിൽ ചേരാൻ സാധിച്ചിരുന്നില്ല. സ്കൂളിലെ മുതിർന്ന ക്ലാസ്സിൽ പഠിച്ചിരുന്ന അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ വീട്ടിൽ നിന്ന് പുസ്തകങ്ങൾ കടം വാങ്ങാൻ കിലോമീറ്ററുകൾ നടന്നാണ് അദ്ദേഹം പോയിരുന്നത്. അടുത്തുള്ള പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് ബി.എസ്.സി. കെമിസ്ട്രിയിൽ അദ്ദേഹം ബിരുദം നേടി. പിൽക്കാലത്ത് അക്കിത്തവും എം.ടിയും 'ജ്ഞാനപീഠം' ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടി. ഒരിക്കൽ എം.ടി. പാലക്കാട് വച്ച് ഒരു സർക്കസ് ഷോ കാണുകയും അവിടുത്തെ കലാകാരന്മാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലായതിനെത്തുടർന്ന് കുറച്ചു ദിവസങ്ങൾ ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല എന്നും എവിടെയോ വായിച്ചിട്ടുണ്ട്. ആ വേദനയാണ് ഹൃദയസ്പർശിയായ 'വളർത്തുമൃഗങ്ങൾ' എന്ന ചെറുകഥ എഴുതാൻ പ്രേരണ നൽകിയത്. ന്യൂയോർക്ക് ട്രിബ്യൂൺ ഹിന്ദുസ്ഥാൻ ടൈംസ്, മാതൃഭൂമി എന്നീ പ്രശസ്ത പത്രങ്ങൾ നടത്തിയ ചെറുകഥാ മത്സരത്തിൽ എം.ടിക്ക് സമ്മാനം ലഭിച്ചു. പിന്നീട് അദ്ദേഹത്തിന്റെ എഴുത്തിന്റെ കിരീടം അധികം ദൂരെയായിരുന്നില്ല.

എം.ടിയുടെ 'വിഷു ആഘോഷം' എന്ന കഥ കേരളത്തിൽ പടക്കങ്ങൾ വാങ്ങാൻ കഴിയാതെ വിഷമിച്ച ഒരു പാവപ്പെട്ട കുട്ടിയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ളതാണ്. ആരോരും ഇല്ലാത്ത അനാഥരുടെ വേദനയെക്കുറിച്ച് എഴുതുന്നതോടൊപ്പം ഓരോ കഥയും പ്രത്യാശയിൽ അവസാനിപ്പിക്കാനും അദ്ദേഹം ശ്രദ്ധിച്ചു.

മലയാളത്തെ വിശ്വസാഹിത്യത്തിന്റെ സ്ഥാനത്തേക്ക് ഉയർത്തുന്നതിൽ നിർണായക പങ്കുവഹിച്ച വ്യക്തിയാണ് എം.ടി. അദ്ദേഹത്തിന്റെ ഓർമ്മശക്തിയാണ് മികച്ച കഥകൾ എഴുതാനുള്ള പ്രധാന കാരണം എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.വാസു എന്ന പ്രതിഭാസം തന്റെ പത്താം ക്ലാസ് പരീക്ഷയുടെ രജിസ്ട്രേഷൻ നമ്പറും ഗണിതം, മലയാളം വിഷയങ്ങൾക്ക് ലഭിച്ച മാർക്കും മറന്നിരുന്നില്ല.

സമൂഹത്തിലെ തിന്മകൾക്കെതിരെയുള്ള പടവാളായിരുന്നു ആ തൂലിക.

ഷൊർണൂർ, ഒറ്റപ്പാലം ഉൾപ്പെടുന്ന വള്ളുവനാട് പല പ്രമുഖ നേതാക്കൾക്കും എഴുത്തുകാർക്കും ജന്മം നൽകിയിട്ടുണ്ട്. ഫ്യൂഡൽ സിസ്റ്റം ആ കാലഘട്ടത്തിൽ നിലനിന്നിരുന്നെങ്കിലും, എഴുതാൻ എന്നും എം.ടി ധൈര്യശാലിയായിരുന്നു. അന്ന് നിലനിന്നിരുന്ന ആചാരങ്ങളുടെ ക്രൂരതയും താൻ കണ്ട നന്മയും എഴുത്തിലൂടെ അദ്ദേഹം തുറന്നുകാട്ടി. കുടുംബത്തിലെ ഭരണാധികാരികളുടെ ക്രൂരതകൾ നിലനിന്നിരുന്ന 'മരുമക്കത്തായം' നാലുകെട്ട്, ഇരുട്ടിന്റെ ആത്മാവ്, അസുരവിത്ത് എന്നീ കഥകളിൽ വ്യക്തമായി വരച്ചിട്ടിട്ടുണ്ട്. നാലുകെട്ടിൽ അദ്ദേഹം എടുത്തുകാണിച്ച സാമൂഹിക ദുരിതങ്ങൾ അനുഭവിക്കുന്ന അപ്പുണ്ണി എന്ന കഥാപാത്രം കഥയുടെ ഒരു ഖണ്ഡികയിൽ, തന്റെ ഒഴിഞ്ഞ ചോറ്റുപാത്രം മറ്റ് വിദ്യാർത്ഥികൾക്ക് മുന്നിൽ എങ്ങനെ മറച്ചുവെക്കുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. അപ്പുണ്ണിയുടെയും അമ്മയുടെയും കഷ്ടപ്പാടുകൾ നമ്മെ സങ്കടപ്പെടുത്തി വേറൊരു മാനസിക അവസ്ഥയിലാക്കാൻ എഴുത്തുകാരന് എളുപ്പത്തിൽ സാധിക്കുന്നു. അക്കാലത്ത് ജാതിവ്യവസ്ഥിതി നിലനിന്നിരുന്ന യഥാർത്ഥ ജീവിതത്തോട് വളരെ ഇഴചേർന്നായിരുന്നു കഥകൾ. അമ്മ സ്വന്തം പൂർവികരുടെ വീട്ടിൽ വേലക്കാരിയായി ജോലി ചെയ്യുന്നത് കണ്ടുവളർന്നാണ് അപ്പുണ്ണി കലാപകാരിയാകുന്നത്. അവസാനം പകരം വീട്ടാൻ നാലുകെട്ട് തറവാട് വീണ്ടെടുക്കാൻ കഠിനാധ്വാനം ചെയ്തു പണമുണ്ടാക്കുന്നു.



ഏകദേശം 300 പേജുള്ള പുസ്തകങ്ങൾ വായിക്കുന്ന ശീലം എം.ടിക്കുണ്ടായിരുന്നു. പിന്നീടുള്ള ജീവിതകാലത്ത് പഴയതുപോലെ വായിക്കാൻ കഴിയുന്നില്ലല്ലോ എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷമം. എം.ടി എല്ലാവരുടെയും സ്വകാര്യതയ്ക്ക് ഉയർന്ന മൂല്യം നൽകിയിരുന്നു എന്നാൽ, അദ്ദേഹത്തിന്റെ ഏറ്റവും ശക്തമായ ഉപകരണം നിശബ്ദതയായിരുന്നു. എം.ടി. ഒരിക്കലും അനാവശ്യമായ വാക്കുകൾ എഴുതുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ല. ഒരിക്കലും എതിരാളികൾക്ക് പോലും പ്രതികൂലമായി പ്രതികരിക്കാനുള്ള അവസരം നൽകിയിട്ടുമില്ല.



“കാലത്തിന്റെ വറ്റിയ പ്രവാഹത്തിന്റെ തീരത്തിൽ
അവസാനം ഞാൻ തിരിച്ചെത്തിയിരിക്കുന്നു.” — എംടി



മറ്റൊരു മനോഹരമായ ചെറുകഥയായ ‘അസുരവിത്തിൽ’ നായകൻ ഗോവിന്ദൻകുട്ടി സ്വന്തം അമ്മയുടെ അധിക്ഷേപങ്ങൾ ഉൾപ്പെടെ നിരവധി ക്രൂരതകൾ സഹിക്കുന്നത് കാണാം. കഥയുടെ അവസാനത്തിൽ ഗോവിന്ദൻകുട്ടി കോളറ കാരണം മരണപ്പെട്ട ആരോരും ഇല്ലാത്ത നാട്ടുകാരുടെ മൃതദേഹങ്ങൾ ദഹിപ്പിക്കുന്ന നല്ല പ്രവൃത്തി ചെയ്യുന്നു എന്ന് പറഞ്ഞുകൊണ്ടാണ് എം.ടി കഥ അവസാനിപ്പിച്ചത്.എം.ടിയുടെ മാന്ത്രികത, ജീവിതത്തിന്റെ ഇരുവശങ്ങളും കാണിച്ചുതന്ന് ഓരോ കഥയിലൂടെയും ശക്തമായ സന്ദേശങ്ങൾ നമുക്ക് നൽകുന്നു. എം.ടി യുടെ മറ്റൊരു ചെറുകഥ കുട്ടികളുടെ ’ലിറ്റിൽ മാഗസിൻ’ പ്രസിദ്ധീകരിച്ചു. അത് ഓപ്പോൾ (മൂത്ത സഹോദരിയെ വിളിക്കുന്ന പേരാണ്) എന്ന പേരിൽ പ്രശസ്ത സംവിധായകൻ കെ.എസ്. സേതുമാധവൻ സിനിമയായി സംവിധാനം ചെയ്തു. ഓപ്പോൾ അപ്പുവിന്റെയും അവന്റെ മൂത്ത സഹോദരി മാലുവിന്റെയും കഥയാണ്. വിവാഹം കഴിഞ്ഞ് ഭർത്താവ് ഗോവിന്ദന്റെ വീട്ടിലേക്ക് ഓപ്പോളിനൊപ്പം അപ്പുവും പോകുന്നു. ഈ കഥയിൽ എം.ടിയുടെ ഉന്നതമായ ചിന്തയും മാനവികതയും അവസാനം വരെ പ്രതിഫലിക്കുന്നുണ്ട്. പിന്നീട് അപ്പുവിന് ഗോവിന്ദനോട് അസൂയ തോന്നിത്തുടങ്ങുന്നു. സ്വന്തം മകനെപ്പോലെ വളർത്തിയ സഹോദരനോടൊത്തുചേർന്ന് ഗോവിന്ദനെ ഉപേക്ഷിച്ച് പോകുവാൻ മാലു തീരുമാനിക്കുന്നു.ആ സമയം അവസാനം, ഗോവിന്ദൻ എല്ലാ സത്യങ്ങളും മനസ്സിലാക്കുകയും, മറ്റൊരാളുടെ ഗർഭത്തിൽ പിറന്ന കുട്ടിയെയും മാലുവിനെയും “വരൂ” എന്ന ഒറ്റവാക്കുകൊണ്ട് സ്വീകരിക്കുന്നതായി കാണാം. ഒന്നും പറയാതെ കുട്ടിയെ എടുത്ത് തിരികെ വീട്ടിലേക്ക് നടക്കുന്ന ഗോവിന്ദന്റെ കഥാപാത്രത്തിലൂടെ വിപരീത സാഹചര്യങ്ങളിൽ എങ്ങനെ പെരുമാറണമെന്നതിന്റെ മാതൃകയാണ് എഴുത്തുകാരൻ കാണിച്ചുതരുന്നത്.

ഏകദേശം 300 പേജുള്ള പുസ്തകങ്ങൾ വായിക്കുന്ന ശീലം എം.ടിക്കുണ്ടായിരുന്നു. പിന്നീടുള്ള ജീവിതകാലത്ത് പഴയതുപോലെ വായിക്കാൻ കഴിയുന്നില്ലല്ലോ എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷമം. എം.ടി. എല്ലാവരുടെയും സ്വകാര്യതയ്ക്ക് ഉയർന്ന മൂല്യം നൽകിയിരുന്നു എന്നാൽ, അദ്ദേഹത്തിന്റെ ഏറ്റവും ശക്തമായ ഉപകരണം നിശബ്ദതയായിരുന്നു. എം.ടി. ഒരിക്കലും അനാവശ്യമായ വാക്കുകൾ എഴുതുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ല. ഒരിക്കലും എതിരാളികൾക്ക് പോലും പ്രതികൂലമായി പ്രതികരിക്കാനുള്ള അവസരം നൽകിയിട്ടുമില്ല.

കുട്ടികളുടെ ലൈബ്രറിക്ക് വേണ്ടി ഒരിക്കൽ തനിക്കു കിട്ടിയ മുഴുവൻ സമ്മാനതുക സംഭാവന ചെയ്തിരുന്ന അദ്ദേഹം അത്തരം സഹായങ്ങളെക്കുറിച്ച് ആരും അറിയുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. മാതൃഭൂമിയിൽ പ്രവർത്തിച്ച കാലത്ത് എം.ടി. നിരവധി യുവ എഴുത്തുകാരെ ഉപദേശിക്കുകയും വളരെയധികം സഹായിക്കുകയും ചെയ്തിട്ടുണ്ട്.

വ്യത്യസ്തമായി ചിന്തിക്കാൻ എം.ടി. നമ്മെ പഠിപ്പിച്ചു. ചന്തു എന്ന ചരിത്രകഥാപാത്രത്തിന് നല്ലൊരു പ്രതിച്ഛായ നൽകിയത് അദ്ദേഹത്തിന്റെ കഥാപാത്രരൂപീകരണത്തിന്റെ ശക്തമായ പ്രതിഫലനമാണ്.

ഒരു വടക്കൻ വീരഗാഥ’ എന്ന സിനിമയുടെ തിരക്കഥയിലൂടെ ചന്തുവിനെ നല്ലവനായി നമുക്ക് മുന്നിൽ കാണിച്ചു തരുന്നു. ’ഇത് എം.ടിക്ക് കഥയുടെ ശക്തി ധാരാളം ആളുകളുടെ വിശ്വാസത്തെ പിടിച്ചുലയ്ക്കാൻ കഴിഞ്ഞുവെന്നും തെളിയിക്കുന്നു.എം.ടി സിനിമയുടെ തിരക്കഥയ്ക്ക് ശേഷം ഒരു ശരാശരി മലയാളിക്ക് അവരുടെ മെഗാസ്റ്റാർ മമ്മൂട്ടിയുടെ മുഖമാണ് ചന്തുവിന്റേതായി തോന്നുക.

’മഹാഭാരതം’ എം.ടി നമ്മെ മറ്റൊരു രീതിയിൽ കാണിച്ചുതന്നു, തന്റെ ’രണ്ടാം ഊഴം’ എന്ന കഥയിലൂടെ. ഭീമൻ പാണ്ഡവരിൽ ഏറ്റവും ശക്തനാണെങ്കിലും ഭാര്യ പാഞ്ചാലിയിൽ നിന്ന് ഭീമന് സ്നേഹവും അംഗീകാരവും കിട്ടിയിരുന്നില്ല.ചിലപ്പോൾ അതായിരിക്കും ശരിയായ സത്യമെന്ന് തോന്നിപ്പിക്കും വിധത്തിലാണ് കഥാപാത്രസൃഷ്ടി.

അസ്തമിക്കാത്ത അക്ഷരസൂര്യനായി എം.ടി. എന്നും നിലനിൽക്കും. മലയാളഭാഷയെ വിശ്വസാഹിത്യലോകത്തിന്റെ ഉന്നതിയിലേക്ക് എത്തിച്ച അദ്ദേഹം നമ്മുടെ ഹൃദയത്തിലും എക്കാലവും കുടിക്കൊള്ളും. പ്രിയ എഴുത്തുകാരന് പ്രണാമം.

■





# ജയചന്ദ്രൻ: പ്രണയകാലഘട്ടത്തിന്റെ മധുരമുള്ള ഭാവഗായകൻ

സപ്ന അനു ബി. ജോർജ്ജ്

**ജയചന്ദ്രൻ** എന്ന വാക്കാൽ വിവക്ഷിക്കാവുന്ന ഒന്നിലധികം കാര്യങ്ങളുണ്ട്. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ ആലാപനങ്ങളെക്കുറിച്ചറിയാൻ ഒരുപക്ഷേ നമുക്ക് ഒരു ജന്മത്തിന്റെ സമയം മതിയാകുമോ എന്നേ സംശയമുള്ളു! മികച്ച ഗായകനുള്ള ദേശീയസംസ്ഥാന അവാർഡുകൾ നേടിയിട്ടുള്ള ഒരു മലയാളി പിന്നണി ഗായകനും നടനുമായിരുന്നു പാലിയത്ത് ജയചന്ദ്രൻ കുട്ടൻ എന്ന പി. ജയചന്ദ്രൻ.

മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി എന്നീ ഭാഷകളിലായി 16000 ലധികം ഗാനങ്ങൾ അദ്ദേഹം ആലപിച്ചിട്ടുണ്ട്. ജി. ദേവരാജൻ, എം.എസ്. ബാബുരാജ്, വി. ദക്ഷിണാമൂർത്തി, കെ. രാഘവൻ, എം. കെ. അർജുനൻ, എം.എസ്. വിശ്വനാഥൻ, ഇളയരാജ, ശ്യാം, എ. ആർ.റഹ്മാൻ, എം. എം. കീരവാണി, വിദ്യാസാഗർ, എം. ജയചന്ദ്രൻ തുടങ്ങിയ ഇന്ത്യൻ സംഗീതരംഗത്തെ ഒട്ടുമിക്ക സംഗീതജ്ഞരുടെ പാട്ടുകളും അദ്ദേഹം പാടിയിട്ടുണ്ട്. ദക്ഷിണേന്ത്യയുടെ ഭാവഗായകനായും അദ്ദേഹം അറിയപ്പെടുന്നു. 1965ൽ കുഞ്ഞാലി മരയ്ക്കാർ എന്ന ചിത്രത്തിനു വേണ്ടി പി. ഭാസ്കരൻ രചിച്ച 'ഒരു മുല്ലപ്പൂമാലയുമായ്' എന്ന ഗാനമാണ് ആദ്യം പാടിയതെങ്കിലും പ്രേക്ഷകർ ആദ്യമായി കേട്ടത് 'കളിത്തോഴൻ' എന്ന ചിത്രത്തിനു വേണ്ടി പാടിയ, അന്നും ഇന്നും മലയാളികൾ നെഞ്ചോടുചേർത്ത

'മഞ്ഞലയിൽ മുങ്ങിത്തോർത്തി,

ധനുമാസ ചന്ദ്രിക വന്നു' എന്ന ഗാനമാണ്.

മികച്ച പിന്നണിഗായകനുള്ള ദേശീയ ചലച്ചിത്രപുരസ്കാരം, 5 തവണ സംസ്ഥാന ചലച്ചിത്രപുരസ്കാരം, 4 തവണ തമിഴ്നാട് സംസ്ഥാന അവാർഡുകൾ എന്നിവ അദ്ദേഹം നേടിയിട്ടുണ്ട്. 2020 ൽ മലയാള സിനിമയ്ക്ക് നൽകിയ മികച്ച സംഭാവനകളെ ആധാരമാക്കി മലയാളത്തിന്റെ അത്യുന്നത പുരസ്കാരമായ ജെ. സി. ഡാനിയേൽ അവാർഡും നേടിയിട്ടുണ്ട്.

1944 മാർച്ച് 3 ന് കൊച്ചിയ്ക്കു സമീപം രവിപുരത്താണ് ജയചന്ദ്രൻ ജനിച്ചതെങ്കിലും കുടുംബം പിന്നീട് ഇരിങ്ങാലക്കുടയിലേക്ക് താമസം മാറ്റി. കൊച്ചി രാജകുടുംബത്തിലെ അംഗവും സംഗീതജ്ഞനായിരുന്ന രവിവർമ്മ കൊച്ചനിയൻ തമ്പുരാന്റേയും പാലിയത്ത് സുഭദ്രക്കുഞ്ഞമ്മയുടേയും 5 മക്കളിൽ മൂന്നാമനായിരുന്നു അദ്ദേഹം. ഇരിങ്ങാലക്കുടയിലെ നാഷണൽ ഹൈസ്കൂളിലെ പഠനകാലത്ത്, സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മൃദംഗ വായന, ലളിതഗാനം എന്നിവയിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. വിദ്യാഭ്യാസത്തിനു ശേഷം 1966 ൽ പ്യാരി കമ്പനിയിൽ കെമിസ്റ്റായും ജോലി ചെയ്തിരുന്നു.




മലയാളത്തിന്റെ പ്രണയകാലഘട്ടത്തിന്റെ സ്ക്രീൻ വോയ്സായിരുന്നു ജയചന്ദ്രൻ. അദ്ദേഹത്തിന്റെ വെൽവെറ്റ് ശബ്ദം അക്കാലത്തെ സുന്ദരന്മാരായ നായകന്മാരായ പ്രേംനസീർ, കമലഹാസൻ, മധു എന്നിവർക്ക് യോജിച്ചതായിരുന്നു. എല്ലാത്തരം ഗാനങ്ങളും അനായാസമായ വാക്ചാതുര്യത്തോടെ ആലപിക്കുന്നതിലും അദ്ദേഹത്തിന് ഒരു പ്രത്യേക ശൈലിയുണ്ടായിരുന്നു. 1966 ലെ ആദ്യഗാനമായ കളിത്തോഴനിലെ, 'മഞ്ഞലയിൽ മുങ്ങിത്തോർത്തി' എന്ന മനോഹരമായ ഹമ്മിങ്ങിലൂടെ തുടങ്ങുന്ന ഗാനം, ജയചന്ദ്രന്റെ കരിയറിലെ കൈയൊപ്പ് ചാർത്തിയ ഗാനമാണ്.

*ഓ.....*
*മഞ്ഞലയിൽ മുങ്ങിത്തോർത്തി*
*ധനുമാസ ചന്ദ്രിക വന്നു*
*നിന്നെ മാത്രം കണ്ടില്ലല്ലോ*
*നീ മാത്രം വന്നില്ലല്ലോ*
*പ്രേമചകോരീ ചകോരീ ചകോരീ*
*(മഞ്ഞലയിൽ)*
*കർണ്ണികാരം പൂത്തു തളിർത്തു*
*കല്പനകൾ താലമെടുത്തു (2)*
*കണ്മണിയെ കണ്ടില്ലല്ലോ*
*എന്റെ സഖി വന്നില്ലല്ലോ*
*കണ്ടവരുണ്ടോ... ഉണ്ടോ ..ഉണ്ടോ...*
*(മഞ്ഞലയിൽ)*

ഈ വരികളിൽ അദ്ദേഹത്തിന്റെ ശബ്ദം കോരിനിറക്കുന്ന റൊമാന്റിക് ഭാവം അനിർവചനീയമാണ്. സുപ്രഭാതം, റംസാനിലെ ചന്ദ്രികയോ, ഏകാന്ത പഥികൻ ഞാൻ, രാഗം ശ്രീരാഗം, മൗനംപോലും മധുരം, കേവല മർത്യ ഭാഷ കേൾക്കാത്ത, ഏകാകിയാം നിന്റെ സ്വപ്നങ്ങൾക്കൊക്കെയും, ശാരദാംബരം എന്നീ ഗാനങ്ങൾ മലയാളികളുടെ മനസ്സിൽ മായാതെ മറയാതെ എന്നെന്നും അത്ഭുത ഈണങ്ങളായി നിലനിൽക്കും.


ഇളയരാജയുടെ സംഗീതത്തിൽ ജയചന്ദ്രൻ 80 കളിൽ ഹിറ്റുകളുടെ ഒരു നിരതന്നെ സൃഷ്ടിച്ചു. അവയാണ് രാസത്തിഉന്നൈ കാണാത നെഞ്ച്,കാത്തിരുന്ത് കാത്തിരുന്ത് കാലങ്കൾ പോനതടീ, താലത്തെ വാനം എന്നിവ. കൊടിയിൽ നിന്ന് ഒരു ദൈവം തന്ത പൂവേ, കഥാഴം കാട്ടുവഴി  തുടങ്ങിയ ജനപ്രിയഗാനങ്ങൾ എ.ആർ. റഹ്മാനുവേണ്ടിയും പാടി. ദേശീയഅവാർഡുകളും കേരള സംസ്ഥാന അവാർഡുകകളും ലഭിച്ചു എന്നത് അദ്ദേഹത്തിന്റെ സ്വരമാധുര്യത്തെ ഉയരങ്ങളിൽ നിലനിർത്തുന്നു.



ഇതിഹാസ ഗായകനും ഗുരുവായൂരപ്പന്റെ തീവ്രഭക്തനുമായ ജയചന്ദ്രന്റെ 5 പതിറ്റാണ്ടിലേറെ നീണ്ട കരിയറിൽ ജി. ദേവരാജൻ, എം എസ് ബാബുരാജ്, ഇളയരാജ, എ. ആർ.  റഹ്മാൻ, വിദ്യാസാഗർ എന്നീ സംഗീത സംവിധായകരോടൊപ്പമുള്ള ഗാനങ്ങൾ അനർഗളങ്ങളാണ്. യേശുദാസിന്റെ മധുരമായ ശക്തമായ ശബ്ദത്തിന്റെ കാലഘട്ടത്തിൽത്തന്നെ ജയചന്ദ്രന്റെ ഗാനങ്ങൾക്ക് ജനങ്ങളുടെ മനസ്സിൽ സ്ഥാനം പിടിക്കാൻ കഴിഞ്ഞു എന്നത് അദ്ദേഹത്തിന്റെ പ്രതിഭയുടെ ആത്യന്തികസാക്ഷ്യമാണ്.


മലയാള സിനിമാ സംഗീതത്തെയും ശ്രോതാക്കളുടെ സംവേദനക്ഷമതയെയും യേശുദാസും ജയചന്ദ്രനും വളരെയധികം ആകർഷിച്ചതിനാൽ അവരുടെ ശബ്ദലോകത്തിനപ്പുറത്തേക്ക് നീങ്ങാൻ മലയാള ശ്രോതാക്കൾക്ക് കഴിഞ്ഞില്ല.
ഭാര്യ ലളിത, മകൾ ലക്ഷ്മി, മകൻ ദിനനാഥൻ എന്നിവരടങ്ങുന്നതാണ് അദ്ദേഹത്തിന്റെ കുടുംബം.

■



മീട്ടു റഹ്മത്ത് കലാം

# ‘എം.ടി’
## പ്രിയപ്പെട്ട അക്ഷരനക്ഷത്രം



**2018** ൽ മംഗളത്തിന്റെ കോട്ടയത്തുള്ള ഓഫീസിൽ വാരാന്ത്യപ്പതിപ്പിന്റെ സബ് എഡിറ്റർ ആയി പ്രവർത്തിക്കുമ്പോൾ ഉണ്ടായ അനുഭവത്തിൽ നിന്ന് തുടങ്ങാം. ‘എം.ടി: എഴുത്തിന്റെ ആത്മാവ്’ എന്ന പുസ്തകവും 'വാസവദത്ത' പോലെ സമീപകാലത്ത് ഏറെ വായിക്കപ്പെട്ട നോവലും രചിച്ച സജിൽ ശ്രീധർ സാറിനായിരുന്നു 'സൺഡേ മംഗളത്തിന്റെ' ചുമതല. വിവിധ ബ്യൂറോകളിൽ നിന്ന് എത്തുന്ന എന്തെങ്കിലും ‘സ്റ്റോറി’ നൽകി പണികുറയ്ക്കുന്നതിനോട് സാഹിത്യാഭിരുചി ഉള്ളതുകൊണ്ടാകാം അദ്ദേഹം താല്പര്യപ്പെട്ടിരുന്നില്ല. അതുകൊണ്ടുതന്നെ മുൻകൂട്ടി രണ്ട് ലക്കത്തേക്കുള്ള ‘ഐറ്റം’ തരപ്പെടുത്തുന്നതായിരുന്നു ഞങ്ങളുടെ രീതി.

ആളൊഴിഞ്ഞ കസേരകളും കംപ്യൂട്ടറുകളുമുള്ള ശീതീകരിച്ച ന്യൂസ്റൂമിൽ പോയിരിക്കുമ്പോഴാണ് പല ആശയങ്ങളും ഉരുത്തിരിഞ്ഞുകിട്ടിയിട്ടുള്ളത്. വൈകുന്നേരത്തോടുകൂടി മാത്രമേ ന്യൂസ് ഡെസ്കിലെ സ്റ്റാഫ് വന്നു തുടങ്ങൂ എന്നതുകൊണ്ടുകൂടിയാണ് ഏകാഗ്രമായ ചിന്തയ്ക്ക് ആ സ്ഥലം തിരഞ്ഞെടുത്തത്. രാത്രിയിലെ ഷിഫ്റ്റിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഉച്ചനേരത്ത് അപൂർവ്വമായി ചിലർ വരുന്നത് കണ്ടിട്ടുണ്ട്. അത്തരത്തിൽ ഒരു ദിവസം എത്തിയ സ്റ്റാഫ് ഞായർ പതിപ്പിനെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ, കാലേക്കൂട്ടി ഐറ്റം എടുത്തുവയ്ക്കുന്നതിൽ അയാൾക്ക് യോജിപ്പില്ലെന്ന് പറഞ്ഞു. സ്വന്തം ഭാഗത്താണ് ശരി എന്നുവരുത്താൻ ഒരു ചോദ്യശരവും എയ്തു.

‘ഈ ആഴ്ച എം.ടി മരിച്ചാൽ, അതല്ലേ വാരാന്ത്യപ്പതിപ്പിൽ വരേണ്ടത്? ആ അർത്ഥത്തിൽ മുൻകൂട്ടിയുള്ള പ്ലാനിങ്ങിൽ അർത്ഥമുണ്ടോ?’

ചോദ്യം മുഴുമിപ്പിക്കും മുൻപേതന്നെ എന്റെ മുഖഭാവം ശ്രദ്ധിച്ച്, വെറുതെ ഉദാഹരണം പറഞ്ഞതാണ് എന്ന് ന്യായീകരിച്ച് അയാൾ ന്യൂസ് റൂമിന് പുറത്തേക്ക് പോയി. അപ്പോഴും എന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. ‘എം.ടി.ക്ക് മരണമുണ്ടോ...?’ ആ ചിന്തപോലും ഉള്ളിലൊരു വിങ്ങലായി. പിന്നെ ഒന്നും എഴുതാൻ കഴിഞ്ഞില്ല. പ്രിയപ്പെട്ടവരുടെ മരണംപോലും വാർത്തയായി കാണുന്ന പത്രസംസ്കാരത്തിലേക്ക് ഒരുകാലത്തും എനിക്ക് എത്തിച്ചേരാനാകില്ല.





രോഗബാധിതനായി മരണംകാത്തുകിടന്ന ശേഷം ജീവിതത്തിലേക്ക് തിരികെ വന്നപ്പോൾ ജോലി ചെയ്തിരുന്ന മാധ്യമസ്ഥാപനത്തിൽ ദിവസങ്ങൾക്ക് മുൻപേ തന്റെ മരണവാർത്ത തയാറാക്കി വച്ചത് യാദൃച്ഛികമായി കണ്ട എം.ടി യുടെ മനസ് മുറിപ്പെട്ടിരുന്നോ എന്നായി പിന്നീടുള്ള ചിന്ത. 'ഇല്ല' എന്നാണ് ഞാൻ കണ്ടെത്തിയ ഉത്തരം. തിരക്കഥാകൃത്തായ എം.ടി അതൊരു കഥാസന്ദർഭമാക്കി 'സുകൃതം' എന്ന സിനിമയിലൂടെ കാണിച്ചു തരികയാണ് ചെയ്തത്. അദ്ദേഹത്തിന്റെ മാസ്റ്റർപീസ് എന്ന് ആരാധകരിൽ വലിയൊരു വിഭാഗം സാക്ഷ്യപ്പെടുത്തുന്ന 'രണ്ടാമൂഴം' പിറവികൊണ്ടതും ആ തിരിച്ചുവരവിൽ ആണെന്നത് തന്റെ യുഗം അവസാനിച്ചെന്ന് വിധിയെഴുതിയവരോടുള്ള മധുരതരമായ പകരംവീട്ടൽ ആയിരുന്നിരിക്കാം

കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സംവിധായകൻ, പത്രാധിപർ എന്നിങ്ങനെ എല്ലാ തലങ്ങളിലും കയ്യൊപ്പ് പതിച്ച ഇതിഹാസമാണ് എം.ടി.വാസുദേവൻ നായർ. വായനയെ പ്രണയിക്കാൻ നാല് തലമുറയെ പ്രേരിപ്പിച്ച ആ പ്രതിഭാധനൻ മലയാളികൾക്ക് നൽകിയ ഏറ്റവും വലിയ സംഭാവന പത്രാധിപർ എന്ന നിലയിലാണെന്ന് എം.മുകുന്ദൻ പറഞ്ഞതിനോട് ഞാനും യോജിക്കുന്നു. സൃഷ്ടിയേക്കാൾ വലിയ കർമ്മമാണ് സൃഷ്ടാക്കളെ സൃഷ്ടിക്കുക എന്നത്. കാക്കനാടൻ, ഒ.വി.വിജയൻ, മുകുന്ദൻ, സി.വി.ബാലകൃഷ്ണൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, സി. രാധാകൃഷ്ണൻ, സേതു എന്നിങ്ങനെയുള്ളവരുടെ പ്രതിഭാകോളിളക്കത്തിന്റെ പടപ്പുറപ്പാടിന് വാതിൽ മലർക്കെ തുറന്നിടാൻ എംടിയിലെ പത്രാധിപർക്ക് ധൈര്യം പകർന്നത് അവനവനിലുള്ള ആത്മവിശ്വാസവും അസാമാന്യമായ ഹൃദയവിശാലതയുമായിരിക്കാം.

ലോകസാഹിത്യം കൃത്യമായി പിന്തുടർന്ന എം.ടിയിലെ വായനക്കാരന് എഴുത്തിന്റെ മേഖലയിൽ മാറ്റങ്ങൾ വന്നുകൊണ്ടേയിരിക്കുമെന്ന ഉൾക്കാഴ്ച ഉണ്ടായിരുന്നതും അതിനൊരു കാരണമാണ്. പുതുതലമുറയുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് വേറിട്ട വഴിയേ സഞ്ചരിക്കുന്ന എഴുത്തുകാരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും എംടി എക്കാലവും ഉത്സാഹിച്ചു. അച്ചടിയുടെ മഷി പുരളാൻ വെമ്പിക്കൊണ്ട് തന്റെ മുന്നിൽ എത്തുന്ന രചനകൾ സസൂക്ഷ്മം വായിച്ച്, അക്ഷരത്തെറ്റുകൾ തിരുത്തിയും ചില പ്രയോഗങ്ങൾ ഒഴിവാക്കിയും വാചകങ്ങൾ തിരിച്ചിട്ടും ശീർഷകം ആകർഷണീയമാക്കിയും സ്വന്തം കുഞ്ഞിനോടെന്ന പോലെ മറ്റുള്ള എഴുത്തുകാരുടെ രചനയെയും കാണാൻ ഇത്രമേൽ അറിയപ്പെടുന്ന ഒരാൾ സമയം ചിലവഴിച്ചു എന്നുള്ളിടത്താണ് അദ്ദേഹത്തിന്റെ മഹത്വം വെളിപ്പെടുന്നത്. സാഹിത്യവികാസത്തിന് വഴിയൊരുക്കുക എന്നതായിരുന്നു എം.ടി തന്റെ നിയോഗമായി കണ്ടത്. തന്റെ സിംഹാസനത്തിന് ഇളക്കം തട്ടുമോ എന്ന് അദ്ദേഹം ഭയപ്പെട്ടിട്ടില്ല, അങ്ങനൊരു ഇരിപ്പിടം ആഗ്രഹിച്ചിട്ടുമില്ല. ദ്രോണരെ മാനസഗുരുവായി കരുതുന്ന ആയിരക്കണക്കിന് ഏകലവ്യന്മാർ എം.ടിക്കുണ്ട്. അങ്ങനൊരു അവകാശവാദംപോലും വലിയ ഉത്തരവാദിത്തമാണ്. അതുകൊണ്ടുതന്നെ, അവരിലൊരാളെ ന്ന് പറയാൻപോലും ധൈര്യപ്പെടുന്നില്ല.

ഇന്നലെകളെ തിരിച്ചുപിടിക്കാനാവില്ല എന്നത് സത്യമായിരിക്കാം. എന്നാൽ,എം.ടി. അക്ഷരങ്ങളിലൂടെ ഇന്നലെകളെ പല ആവർത്തി തിരിച്ചുപിടിച്ചിട്ടുണ്ട്. ജനിച്ചുവളർന്ന നാടായ കൂടല്ലൂരിന്റെ മണ്ണും മനസ്സും സ്വന്തം കഥകളിലേക്ക് അദ്ദേഹം ആവാഹിച്ചെടുത്തു. ഓരോരുത്തരുടെയും ചലനങ്ങളും ശബ്ദങ്ങളും വാമൊഴിരീതികളും ദീർഘകാലം മനസ്സിൽ സൂക്ഷിച്ച് രചനയുടെ വേളയിൽ ശ്രദ്ധയോടെ പുറത്തെടുത്ത് പ്രയോഗിച്ച എംടിയുടെ കരവിരുത് അനുപമമാണ്.





'നാലുകെട്ടി'ലെ അപ്പുണ്ണിയേയും 'അസുരവിത്തി'ലെ ഗോവിന്ദൻ കുട്ടിയേയും 'ഇരുട്ടിന്റെ ആത്മാവി'ലെ ഭ്രാന്തൻ വേലായുധനേയും 'കാല'ത്തിലെ സുമിത്രയെയും തേടി ആ മണ്ണിലേക്ക് തീർത്ഥാടനകേന്ദ്രത്തിലേക്ക് എന്നതുപോലെ വായനക്കാരും സാഹിത്യകുതുകികളും വരും കാലങ്ങളിലും ഒഴുകിയെത്തും. എംടിയുടെ അക്ഷരങ്ങൾ ആ കഥാപാത്രങ്ങൾക്കൊക്കെയും അമരത്വം പ്രദാനം ചെയ്തിരിക്കുകയാണ്. 'ബോഡി ഷെയ്മിങ്' സാമൂഹിക വിപത്തായി ചർച്ച ചെയ്യപ്പെടുന്നതിന് എത്രയോ മുൻപ് കുട്ട്യേടത്തി പോലുള്ള സിനിമകളിലൂടെ എം.ടി അത് കാട്ടിത്തന്നു എന്നതുകൊണ്ട് അദ്ദേഹം കാലത്തിന് മുൻപേ സഞ്ചരിച്ചതായും പറയാം.

എം.ടി യുടെ പുസ്തകങ്ങൾ വിവിധ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹം മനനം ചെയ്തെടുത്ത സ്ഫടികത്തിളക്കമുള്ള ചോരചിന്തുന്ന വാക്കുകൾ വായിക്കാൻ സാധിച്ചതാണ് മലയാണ്മയുടെ പുണ്യം.


മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'എംടിത്തം' എന്നൊരു തലക്കെട്ട് കണ്ടു. ഇംഗ്ലീഷിൽ തർജ്ജമ ചെയ്താൽ 'M.T-ness'. സമാനമായ ഉച്ചാരണമുള്ള emptyness എന്ന ഇംഗ്ലീഷ് പദത്തിനർത്ഥം ശൂന്യത എന്നാണ്. എഴുത്തിന്റെ മാന്ത്രികത കൊണ്ടാകാം എനിക്കത് നിറവായി അനുഭവപ്പെടുകയാണ്. 'എഴുതാൻ ഏറെ ബാക്കിവച്ചു' എന്നുള്ള പ്രയോഗം എം.ടി യെ സംബന്ധിച്ച് യോജിക്കുന്ന വിശേഷണമല്ല. ഒരു മനുഷ്യായുസ്സിൽ എഴുതാൻ സാധിക്കുന്നത്രയും ഒരുപക്ഷെ അതിൽക്കൂടുതലും അദ്ദേഹം വായനക്കാർക്ക് സമ്മാനിച്ചിട്ടുണ്ട്. 1998 ന് ശേഷം അദ്ദേഹത്തിന്റേതായി കഥകൾ ഒന്നും തന്നെ പുറത്തുവന്നിട്ടില്ല. എൺപതാം പിറന്നാൾ മുതൽ കൊടുത്തിട്ടുള്ള അഭിമുഖങ്ങളിലൊക്കെയും കാലം എത്ര ബാക്കിയുണ്ടെന്ന് പ്രവചിക്കാൻ സാധിക്കാത്തതുകൊണ്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതൊക്കെ വേഗം ചെയ്തുതീർക്കണമെന്ന ധ്വനി മുഴങ്ങിക്കേട്ടിരുന്നു. പിന്നെയും 13 വർഷങ്ങൾ ലഭിച്ചതുകൊണ്ടുതന്നെ ജന്മം സഫലമെന്ന ബോധ്യത്തോടെ ആയിരുന്നിരിക്കാം ആ മടക്കം.

ക്രിസ്മസ് ദിനത്തിലാണ് ആ അക്ഷരസൂര്യൻ അസ്തമിച്ചത്. മരിച്ചവർ ആകാശത്ത് നക്ഷത്രങ്ങളായി തീരുമെന്ന് കേട്ടിട്ടുണ്ട്. ഇനിയുള്ള കാലം നക്ഷത്രങ്ങൾകൊണ്ട് ക്രിസ്മസ് രാവുകൾ അലംകൃതമാകുമ്പോൾ, എന്റെ കണ്ണുകൾ തേടുന്നത് പ്രിയപ്പെട്ട അക്ഷരനക്ഷത്രത്തെ ആയിരിക്കും.

■




**സാഹിത്യവികാസത്തിന് വഴിയൊരുക്കുക എന്നതായിരുന്നു എം.ടി തന്റെ നിയോഗമായി കണ്ടത്. തന്റെ സിംഹാസനത്തിന് ഇളക്കം തട്ടുമോ എന്ന് അദ്ദേഹം ഭയപ്പെട്ടിട്ടില്ല, അങ്ങനൊരു ഇരിപ്പിടം ആഗ്രഹിച്ചിട്ടുമില്ല. ദ്രോണരെ മാനസഗുരുവായി കരുതുന്ന ആയിരക്കണക്കിന് ഏകലവ്യന്മാർ എം.ടിക്കുണ്ട്. അങ്ങനൊരു അവകാശവാദം പോലും വലിയ ഉത്തരവാദിത്തമാണ്. അതുകൊണ്ടുതന്നെ, അവരിലൊരാളെന്ന് പറയാൻ പോലും ധൈര്യപ്പെടുന്നില്ല.**



ഭാവഗായകന്

വേൾഡ് മലയാളി ഫെഡറേഷന്റെ

പ്രണാമം







# പ്രേമ ചകോരം

ഉഷാഗോപാൽ

**കണ്ഠത്തിൽ** ഭാവവും ഈണത്തിൽ മധുരവും രൂപത്തിൽ ശുണ്ഠിയും ഉള്ളത്തിൽ വെൺമയും ഉള്ള സാത്വികൻ ! ഭാവഗായകന് ഭംഗി വാക്കുകളില്ലാത്തൊരു നിർവചനം കൊടുത്താൽ എതാണ്ട് ഇങ്ങനെയായിരിക്കും.

സ്വരം കൊണ്ട് പ്രായത്തെ അതിജീവിച്ച ഗായകൻ ആരെന്ന് ചോദിച്ചാൽ പി. ജയചന്ദ്രൻ എന്ന ഒറ്റ ഉത്തരമേയുള്ളൂ. ചലച്ചിത്ര ലോകത്തെ സൗണ്ട് എൻജിനീയർമാർക്കെല്ലാം പ്രിയപ്പെട്ടവനായിരുന്ന 'ജയേട്ടൻ', പല റെക്കോഡിംഗ് സ്റ്റുഡിയോയിൽ പലപ്പോഴായി പാടിയ പാട്ടുകളെ സാങ്കേതികമായി താരതമ്യം ചെയ്യുമ്പോഴൊക്കെ, ആ സ്വരഘടനയുടെ സ്ഥിരത കണ്ട് അൽഭുതപ്പെട്ടുപോയിട്ടുണ്ട്! ദശകങ്ങൾക്കുമുമ്പ് പാടിവച്ച ആ മഞ്ഞല അവസാനകാലം വരെ ഒട്ടും അലിഞ്ഞു പോയിരുന്നില്ല, യൗവ്വനം മാറാത്ത എത്രയോ ധനുമാസ ചന്ദ്രികകൾ കാലങ്ങളോളം അതിൽ മുങ്ങി തോർത്തി!

തമിഴ് സംഗീതാരാധകർക്ക് ഗൃഹാതുരമായ ഒരു അടുപ്പം ഈ ഗായകനോട് എന്നും ഉണ്ടായിട്ടുണ്ട്. അന്യ ഭാഷാ ഗാനങ്ങൾ പാടുന്ന പ്രശസ്തരായ എത്രയോ ഗായകർ മുമ്പും പിമ്പും നമുക്കുണ്ടായിട്ടുണ്ടെങ്കിലും പാട്ടിന്റെ ആദ്യ പല്ലവി കേൾക്കുമ്പോൾത്തന്നെ പ്രദേശവാസികളായ ശ്രോതാക്കൾക്ക്, പാടുന്നത് മലയാളി ആണെന്ന് തിരിച്ചറിയാൻ കഴിയും. എന്നാൽ ജയചന്ദ്രൻറെ തമിഴ് ഗാനങ്ങൾ പരിശോധിച്ചാൽ മലയാളം പാടുന്ന അതേ ലാഘവത്തോടെ , തമിഴകത്തിന്റെ ഉ ച്ചാരണ സൗന്ദര്യം ഒട്ടും ചോരാതെ വരികളോടു ചേർന്നിരിക്കുന്നതായും പാടിയ പാട്ടുകളെല്ലാം തന്നെ ഹിറ്റുകളായതായും മനസ്സിലാക്കാൻ കഴിയും. ഭാവഗായകന്റെ ആലാപനം ഒന്നു കൊണ്ടു മാത്രം ശ്രദ്ധിക്കപ്പെട്ട എത്രയോ സിനിമാ ശീർഷകങ്ങൾ തമിഴ് ആരാധകരുടെ ഓർമയിൽ ഉണ്ട്; അതിലൊന്നാണ് 'എൻ മേൽ വിഴുന്ത മഴൈത്തുളിയേ...' എന്നുതുടങ്ങുന്ന എ. ആർ മാജിക്കിൽ പിറന്ന ഗാനം. താരതമ്യേന ഹിറ്റാവാതെപോയ സിനിമയായ 'മെയ്മാദം' എന്ന ചിത്രത്തിലെ ആ നിത്യഹരിത ഗാനത്തിൽ ഇത്രയും പ്രണയം ചേർത്തത്, ഈണംകൊണ്ടു മാത്രമല്ല, അഭിനയ ചതുരതയേയും പശ്ചാത്തലഭംഗിയേയും വെല്ലുന്ന ആ ആലാപനം തന്നെയാണ്. മറ്റൊരു സൂപ്പർഹിറ്റായ 'അന്ത ഏഴു നാൾകൾ' എന്ന ചിത്രത്തിലെ 'സപ്ത സ്വര ദേവി ഉണരൂ..' എന്നു മലയാളവരികളിൽ തുടങ്ങി 'കവിതൈ അരങ്കേറും നേരം' എന്ന വരിയിലേക്ക് മൊഴിമാറുന്ന യുഗ്മഗാനം കേട്ടിട്ടുള്ളവർക്കെല്ലാം അദ്ദേഹം ബഹുഭാഷ കൈകാര്യം ചെയ്യുന്ന മികവ് മനസ്സിലാക്കാനാവും.

ആലാപനത്തിലൂടെ വരികൾക്കിടയിലുള്ള ആർദ്രതയും, സൗകുമാര്യതയും മൂകതയും, മൃദുലതയും കൃത്യമായി പ്രതിഫലിപ്പിക്കുവാനുള്ള പ്രത്യേക കഴിവുള്ളതുകൊണ്ട് ഗാനരചയിതാക്കൾ എന്നും ഈ ഭാവഗായകനിൽ പൂർണ തൃപ്തരായിരുന്നു. അനേകം ഹിറ്റുകളും രാജ്യാന്തര അംഗീകാരങ്ങളും നേടിയ ഗായകനോട് തന്റെ ഇഷ്ട ഗാനം ഏതാണെന്ന് ചോദിച്ചാൽ... ഗാനഗന്ധർവന്റെയോ ഗാന കോകിലത്തിന്റെയോ ഒരു പാട്ടായിരിക്കും ആദ്യം പറയുന്നത്. കഴിവുള്ളവരെ എല്ലാവരെയും ഒരുപോലെ അംഗീകരിക്കുന്ന ഒരു മനസ്സാണ് ലളിത ജീവിതം നയിക്കുന്ന ഗായകന് ഉണ്ടായിരുന്നത്. സംഗീതലോകത്ത് ഭാവസൗന്ദര്യത്തിൻറെ ഒറ്റവാക്കായി പി. ജയചന്ദ്രൻ എന്ന പേര് കാലങ്ങളോളം അവലംബനം ചെയ്യപ്പെടട്ടെ!

■





# എംടി; അപൂർവ്വതകളുടെ കഥാകാരൻ

അൻഷാദ് കൂട്ടുകുന്നം

*'സേതുവിന് എന്നും സേതുവിനോടു മാത്രമേ സ്നേഹമുണ്ടായിരുന്നുള്ളൂ.'* കാലത്തിലെ സേതു എന്ന കഥാപാത്രത്തെക്കുറിച്ച് സുമിത്ര പറയുന്നതാണിത്. യഥാർത്ഥത്തിൽ മനുഷ്യൻ അങ്ങനെയല്ലേ, ഓരോരുത്തരും അവരെ തന്നെയല്ലേ സ്നേഹിക്കുന്നത്. എം.ടി അതു തുറന്നു പറഞ്ഞുകൊണ്ടേയിരുന്നു. അതേസമയം വാനപ്രസ്ഥത്തിലെ വിലാസിനിയും മാസ്റ്ററും അവസാനകാലത്തു കണ്ടുമുട്ടുന്നതിന്റെ ആർദ്രതയും അലിവുമൊക്കെ കാണുമ്പാൾ സ്നേഹത്തിന്റെയും പ്രണയത്തിന്റെയും മറ്റൊരു മുഖമാണ് തുറന്നുകാട്ടുന്നത്. പതിനാലാം വയസ്സിൽ എഴുതിത്തുടങ്ങി 91ൽ അവസാനിക്കുമ്പോൾ കഥ, തിരക്കഥ, നോവൽ, സിനിമ….. എന്നിവിടങ്ങളിലായി ശേഷിപ്പിച്ചവ മലയാള ഭാഷ ഉള്ളിടത്തോളം എംടിയെ സ്മരിച്ചുകൊണ്ടേയിരിക്കും.

**മരണത്തെ മുഖാമുഖം കണ്ട്**

1977ൽ രോഗം മൂർച്ഛിച്ച് മരണാവസ്ഥയിലായ ചെറുപ്പക്കാരൻ പിന്നെ ജീവിതത്തിലേക്കു തിരിച്ചു വന്നതു മലയാളികളുടെ വായനാമുറിയിൽ സ്ഥിരപ്രതിഷ്ഠ നേടികൊണ്ടാണ്. രോഗം സുഖമായതിനു ശേഷമാണു രണ്ടാമൂഴം എഴുതി പൂർത്തിയാക്കുന്നത്. എം.ടിയുടെ സാഹിത്യലോകത്തെ ലോകപ്രശസ്തമാക്കുന്നത് രണ്ടാമൂഴമാണ്. പിന്നീടങ്ങോട്ട് ഒരു നോവൽ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളുവെങ്കിലും തിരക്കഥകളും സിനിമകളുമായി എംടി സാരസർവസ്വമായി മാറി.

**നാലുകെട്ട് എഴുതുമ്പോൾ പ്രായം 25**

കഥാകാരൻ എന്ന പേരു വന്നത് 1954ൽ ന്യൂയോർക് ഹെറാൾഡ് ട്രൈബ്യൂൺ സംഘടിപ്പിച്ച ലോകചെറുകഥാമത്സരത്തിൽ ഒന്നാംസമ്മാനം ലഭിച്ചതോടെയാണ്. വളർത്തുമൃഗങ്ങൾ എന്ന ആ കഥ എഴുതുമ്പോൾ 21 വയസ്സുമാത്രം. കാൽപനികതയും ആധുനികതയും സമന്വയിക്കുന്ന 'നാലുകെട്ട്' (1958) എഴുതുമ്പോൾ 25 വയസ്. പിന്നീടങ്ങോട്ട് ഓരോ കൃതികളും വർഷങ്ങളുടെ അധ്വാനത്തോടെ പുറത്തുവന്നുകൊണ്ടിരുന്നു.

**ടെക്നോളജികളിൽ നിന്നകന്നു**


ഇന്റർനെറ്റും സോഷ്യൽമീഡിയയുമെല്ലാം എറെ സ്വാധീനിച്ച കാലമായിരുന്നു എംടിയുടെ ജീവിതത്തിലെ അവസാന പതിറ്റാണ്ടുകൾ. എന്നാൽ മനപൂർവ്വമോ അല്ലാതയോ എംടി അതിൽ നിന്നെല്ലാം അകന്നുനിന്നു. തന്റെ വാക്കുകളും സിനിമകളുമെല്ലാം സോഷ്യൽ മീഡിയകളിൽ പറന്നു നടക്കുമ്പോഴും അതിലൊന്നും താല്പര്യം പ്രകടിപ്പിക്കാതെ പഴയകാലത്തിൽ ജീവിക്കാനായിരുന്നു എംടിക്ക് താല്പര്യം. എടിഎം കാർഡും സ്മാർട്ട് മണിയുമെല്ലാം പണം കൈമാറ്റത്തിനു വന്നെങ്കിലും എം.ടി അതിൽ നിന്നെല്ലാം അകന്നുനിന്നു. ചെക്കെഴുതി ഒപ്പിട്ട് സഹായിയെ വിട്ടു മാറ്റിക്കലായിരുന്നു അദ്ദേഹത്തിന്റെ രീതി. അതേസമയം കഥയിലൂടെ അദ്ദേഹം എ.ടി.എമ്മിനെ പരിചയപ്പെടുത്തുകയും ചെയ്തു.

*"മനസ്സിൽ കൊണ്ട പ്രണയത്തിനുമേൽ കാലത്തിനു ഒരു കൊത്തുവേലയും ചെയ്യാനാവില്ല." — എംടി*



*“കാത്തുനിൽക്കാൻ എന്തെങ്കിലുമൊന്ന് ഉണ്ടാവുമ്പോൾ, മറ്റെല്ലാം മറക്കാനാവുന്നു.” — എംടി*





*അധികം ചിരിക്കാത്ത മനുഷ്യൻ പക്ഷേ അധികം ചിന്തിപ്പിച്ചു. ഭീമനെ നായകനാക്കാൻ എംടി ഗവേഷണം നടത്തിയത് 17 വർഷക്കാലമാണ്. മഹാഭാരതത്തെക്കുറിച്ച് പറഞ്ഞവരൊക്കെ കൃഷ്ണനേയും ധർമപുത്രരേയും അർജുനനേയും ദ്രൗപതിയേയും അഭിമന്യുവിനേയും വാഴ്ത്തിപ്പാടി. തടിയനായ, വൃകോദരനായ, മന്ദനായ, ഭീമനെന്ന തിരസ്കൃതനെ സ്വീകരിക്കാൻ എംടിക്കേ കഴിയുമായിരുന്നുള്ളൂ.*

**മൗനം**

അധികം സംസാരിക്കാൻ താല്പര്യമില്ലാതിരുന്ന എം.ടി വിവാദ പ്രസ്താവനകളിൽ നിന്നും അകന്നു. തന്റെ വാക്കുകൾ എഴുത്തിലൂടെ അദ്ദേഹം പകർന്നു. ശക്തമായിരുന്നു ആ ഭാഷ. ഭീമനു വേണ്ടി വാദിച്ച എംടി ലോകത്തെ കാണാൻ ശ്രമിച്ചതും ഓരം പറ്റിയവർക്കും തിരസ്കൃതരായവർക്കും വേണ്ടിയായിരുന്നു. നിഴലാകുന്നവരെ പ്രകാശത്തിലേക്കു കൊണ്ടുവന്നു തന്റെ ജീവിതം പൂർണമാക്കി. ഹിഡുംബിയെയും ദ്രൗപതിയേയും ഒരേസമയം പ്രണയിക്കുക. എല്ലാത്തിലും എംടിയുടെ ജീവിതത്തിന്റെ, അല്ലെങ്കിൽ സ്വഭാവസവിശേഷതയുടെ പ്രതിരൂപങ്ങളായിരുന്നു കഥകളായവ.

**ചിരിച്ചില്ല, ചിന്തിപ്പിച്ചു**

അധികം ചിരിക്കാത്ത മനുഷ്യൻ പക്ഷേ അധികം ചിന്തിപ്പിച്ചു. ഭീമനെ നായകനാക്കാൻ എംടി ഗവേഷണം നടത്തിയത് 17 വർഷക്കാലമാണ്. മഹാഭാരതത്തെക്കുറിച്ച് പറഞ്ഞവരൊക്കെ കൃഷ്ണനേയും ധർമപുത്രരേയും അർജുനനേയും ദ്രൗപതിയേയും അഭിമന്യുവിനേയും വാഴ്ത്തിപ്പാടി. തടിയനായ, വൃകോദരനായ, മന്ദനായ, ഭീമനെന്ന തിരസ്കൃതനെ സ്വീകരിക്കാൻ എംടിക്കേ കഴിയുമായിരുന്നുള്ളൂ. പാണ്ഡ്യത്യവും സാഹിത്യവും തന്റെ കഥാപാത്രങ്ങളിലേക്ക് അദ്ദേഹം പകർന്നുനൽകിയില്ല. കൂഡല്ലൂരിലെ ഗ്രാമീണതയും നിത്യജീവിതത്തിന്റെ ലാളിത്യവും കഥകളിലും പേറി.


**പ്രണയം ജീവിതത്തിലുടനീളം**

ഭഗ്നപ്രണയിനികളുടെ പുനസമാഗമം ഇത്രയധികം ഭാവസാന്ദ്രതയോടെ അവതരിപ്പിച്ച എം.ടിയിൽ എന്നും ഒരു പ്രണേതാവുണ്ടായിരുന്നു. ആദ്യഭാര്യയേയും കുട്ടിയേയും ഉപേക്ഷിച്ച് പ്രമീളയെ 1977ൽ വിവാഹം കഴിക്കുമ്പോൾ ആദ്യ ഭാര്യയുമായി 10 വർഷം ദാമ്പത്യബന്ധം പൂർത്തിയാക്കിയിരുന്നു. കുടുംബത്തിലും മൗനിയായിരുന്ന എം.ടി പക്ഷേ പേരക്കുട്ടിയുടെ മുന്നിൽ വെറും കുട്ടിയായി മാറിയതും ലോകം കണ്ടു.

**കഥാപാത്രങ്ങൾ നിരവധി**

ഗോവിന്ദൻകുട്ടി, കുട്ട്യേടത്തി, ജാനമ്മ, അപ്പുണ്ണി... എം.ടി ജീവൻ നൽകിയ കാപാത്രങ്ങൾ എത്രയെണ്ണമാണ്. ഓരോ കഥാപാത്രങ്ങളും മനുഷ്യബന്ധങ്ങളുടെ നിരാർദ്രമായ ജീവിതം പകർന്നുകൊണ്ടിരിക്കും. മഹാകഥാകാരൻ വിട പറഞ്ഞെങ്കിലും മലയാളിയും ഭാഷയും സാഹിത്യവും കാലങ്ങളെത്ര കടന്നുപോയാലും മഹാകഥാകാരനെ സ്മരിച്ചുകൊണ്ടേയിരിക്കും

■





# എന്റെ ഇഷ്ടഗാനം: പ്രചോദനത്തിന്റെ ശബ്ദം


**റോയ് പഞ്ഞിക്കാരൻ**
കവി, ഗാനരചയിതാവ്

**ഓരോ** മനുഷ്യന്റെയും ജീവിതത്തിൽ ചില പ്രത്യേക ഗാനങ്ങൾ മനസ്സ് കീഴടക്കാറുണ്ട്. എന്റെ ജീവിതത്തിൽ ആ സ്ഥാനത്ത് എത്തിച്ചേർന്ന ഗാനമാണ് 'ചുവരില്ലാതെ ചായങ്ങളില്ലാതെ' (ചിത്രം മയൂഖം) ബോംബെ രവി  സംഗീതം നൽകി ഭാവഗായകൻ എന്ന പ്രതിഭാശാലിയുടെ ശബ്ദം നൽകിയ ഈ ഗാനം ഞാൻ കേൾക്കുമ്പോഴൊക്കെ ഒരു പ്രത്യേക അനുഭൂതി നൽകുന്നു.

ഈ ഗാനം കേൾക്കുമ്പോൾ എന്റെ മനസ്സ് അന്ന് അനുഭവിച്ച ചില സന്തോഷകരമായ ഓർമ്മകളിലേക്ക് എന്നെ കൊണ്ട് പോകുന്നു. അതിന്റെ വരികളും സംഗീതവും ഒരേസമയം മനസ്സ് ശാന്തവും പ്രചോദിതവുമാക്കുന്നു. ഓരോ പ്രാവശ്യം കേൾക്കുമ്പോഴും ഇതിന്റെ പ്രണയഭാവവും ആഴത്തിലുള്ള ചിന്തകളും മനസ്സിൽ ആഴം പിടിക്കുന്നു.

'സംഗീതം ഹൃദയത്തിന്റെ ഭാഷയാണ്' എന്ന് പറയുന്നത് ഈ ഗാനം കേട്ടാൽ ശരിവയ്ക്കാനാകും. എന്റെ നിലവിളികളിലും പ്രിയപ്പെട്ടവരോട് കാണാത്ത വേദനകളിലും ഇതു പോലെ ഒരു സാന്ത്വനമേകുന്ന മറ്റൊരു ഗാനം എനിക്കില്ല.








# കാഥികന്റെ പണിപ്പുര;


## മലയാള കഥയുടെ പാഠപുസ്തകം

**മഹേഷ് മാണിക്കം**

**എം.ടി.** വാസുദേവൻ നായർ എന്ന എഴുത്തുകാരനെ വായനക്കാരൻ എന്ന നിലയ്ക്ക് ആദ്യമായി പരിചയപ്പെടുന്നത് കാഥികന്റെ പണിപ്പുരയിലെ ഒരു കഥ ജനിക്കുന്നു എന്ന ലേഖനത്തിലൂടെയാണ്. ഒരൂ പത്താം ക്ലാസ്സുകാരന്റെ മനസ്സിൽ ആ ലേഖനം കോറിയിട്ട ചിത്രം ഇന്നും ആ തലമുറക്കാരിൽ അതേപടി ഉണ്ട് എന്നതാണ് ഒരു എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള ബന്ധം. മലയാള ചെറുകഥയെകുറിച്ച് പഠിക്കുന്നവരുടെയെല്ലാം പാഠപുസ്തകം കൂടിയാണ് എം.ടിയുടെ കാഥികന്റെ പണിപ്പുര എന്ന ഈ ചെറു പുസ്തകം.

“അലസതയുടെ കസേരയിൽ വളഞ്ഞൊടിഞ്ഞു കിടക്കുന്ന നേരത്താണ് അപ്രതീക്ഷിതമായി ഒരു കഥയുടെ ആശയം കടന്നു വരുന്നത്. നിശബ്ദമായി കരയുകയും വേദനയോടെ മന്ദഹസിക്കുകയും ചെയ്ത നിമിഷങ്ങൾ ഹൃദയത്തിൽ ഉയിർത്തെഴുന്നേറ്റു വരും. അല്ലെങ്കിൽ ചില വ്യക്തികൾ മനസ്സിലേയ്ക്ക് കടന്നു വരുന്നു. വ്യക്തികൾ മാറി അവരുടെ സ്ഥാനത്ത് കഥാപാത്രങ്ങളെ ഉടൻ കാണാൻ കഴിഞ്ഞേക്കും. അങ്ങനെ മനസ്സ് ഒരു പ്രക്ഷുബ്ധമായ അവസ്ഥയിൽ എത്തുന്നു. ആ കെട്ടുപാടുകളിലേയ്ക്ക് പൂർണമായും കടന്നുചെന്നു കഴിഞ്ഞാൽ മുമ്പ് തീരെ ആലോചിക്കാതിരുന്ന ഒരു കഥ എന്റെ മനസ്സിൽ രൂപം കൊള്ളുന്നു. എന്റെ കഥകളിൽ അധികവും അങ്ങനെ ഉണ്ടായതാണെന്ന് തോന്നുന്നു”

ഒരു കഥയുടെ പിറവിയെ കുറിച്ച് എം.ടി പറയുന്നതിങ്ങനെയാണ്. ഇതു തന്നെയാണ് ഓരോ കഥാകാരന്റെയും കഥയുടെ പിറവിക്ക് പിന്നിലെ രഹസ്യം. നൂറുകണക്കിനു കഥകളെഴുതിയ എം.ടി എന്ന കഥാകാരൻ ഒരു കഥ എഴുതിയപ്പോൾ മാത്രമേ കരഞ്ഞിട്ടുള്ളൂ. അത് നിന്റെ ഓർമ്മയ്ക്ക് എന്ന കഥയാണെന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട്. ആ കഥ രൂപം കൊണ്ടത് എങ്ങിനെയാണെന്ന് തനിക്ക് വിവരിക്കാൻ കഴിയില്ലെന്നും പക്ഷേ ആ കഥ എഴുതിക്കഴിയുന്നതുവരെ അനുഭവിച്ച വേദന ഓർമ്മിക്കാൻ സാധിക്കുന്നുണ്ടെന്നും അദ്ദേഹം പറയുമ്പോൾ ‘നിന്റെ ഓർമ്മയ്ക്ക്’ എന്ന ആ കഥ എഴുത്തുകാരന്റെ മാത്രമല്ല ഉള്ളുലച്ചത് വായനക്കാരന്റെയും കൂടിയാണ്.





*നൂറുകണക്കിനു കഥകളെഴുതിയ എം.ടി എന്ന കഥാകാരൻ ഒരു കഥ എഴുതിയപ്പോൾ മാത്രമേ കരഞ്ഞിട്ടുള്ളൂ. അത് നിന്റെ ഓർമ്മയ്ക്ക് എന്ന കഥയാണെന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട്. ആ കഥ രൂപം കൊണ്ടത് എങ്ങിനെയാണെന്ന് തനിക്ക് വിവരിക്കാൻ കഴിയില്ലെന്നും പക്ഷേ ആ കഥ എഴുതിക്കഴിയുന്നതുവരെ അനുഭവിച്ച വേദന ഓർമ്മിക്കാൻ സാധിക്കുന്നുണ്ടെന്നും അദ്ദേഹം പറയുമ്പോൾ 'നിന്റെ ഓർമ്മയ്ക്ക്' എന്ന ആ കഥ എഴുത്തുകാരന്റെ മാത്രമല്ല ഉള്ളുലച്ചത് വായനക്കാരന്റെയും കൂടിയാണ്.*

*"സംഭവങ്ങളുടെ ലോകത്തിൽ നിന്നും കഥാകാരനു നേരിട്ട് കഥ പറയാം. കഥയെഴുത്തിലെ ഏറ്റവും എളുപ്പമായ സങ്കേതമാണത്. വേണ്ടയിടത്തു വിശദീകരിക്കുവാനും സംഭവങ്ങളുടെ ഗതിവേഗം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാനുമൊക്കെ 'തേഡ് പേർസ്'ണിൽ കഥ പറയുമ്പോൾ സൗകര്യമാണ്"* കഥയെഴുത്തിന്റെ രസതന്ത്രം എം.ടി ഇവിടെ പങ്ക് വയ്ക്കുമ്പോൾ ഇവിടെ നിന്നാണ് ഓരോ എഴുത്തുകാരനും കഥയുടെ പുതിയ സങ്കേതങ്ങൾ തേടിപ്പോയത്. അതുകൊണ്ട് തന്നെ എം.ടി വാക്കുകൾ ഓരോ കഥാകൃത്തിന്റെയും മനസ്സിൽ ഇപ്പോഴും സംവദിക്കുന്നത്.

ഇന്ന് ഓരോ എഴുത്തുകാരനും സ്വന്തം രചനകൾ പ്രസിദ്ധീകരിക്കാൻ വലിയ പ്രയാസങ്ങളൊന്നുമില്ല. സ്വന്തമായും അല്ലാതെയും പ്രസിദ്ധീകരിക്കാനുള്ള സ്രോതസുകൾ ഇന്ന് വിശാലമാണ്. കൂടാതെ നവമാധ്യമങ്ങൾ തുറന്ന് തരുന്ന വലിയൊരു ലോകം എഴുത്തുകാരന്റെ മുന്നിലിന്നുണ്ട്. എഴുതുവാനും സ്വയം മാർക്കറ്റ് ചെയ്യുവാനും അവന്റെ മുന്നിൽ യാതൊരു തടസ്സവുമില്ല. എന്നാൽ ഇതൊന്നും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ നാഗരികത ഒട്ടും തീണ്ടിയിട്ടില്ലാത്ത ഒരു ഗ്രാമത്തിൽ നിന്നും വായനയുടെ പറുദീസയൊരുക്കിയ ഒരു എഴുത്തുകാരനെ ലോകം എങ്ങിനെ മറക്കും.

സാഹിത്യ ജീവിതത്തെ കുറിച്ച് എം.ടി പറയുന്നതിങ്ങനെയാണ്.

*"സാഹിത്യത്തെ സംബന്ധിച്ചിടത്തോളം വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ചവർ അപൂർവ്വമാണ്. അവർ ഭാഗ്യവാന്മാർ! പക്ഷേ, അവർക്കില്ലാത്ത ഒരനുഗ്രഹം മറ്റുള്ളവർക്കുണ്ട്. അവർ കടന്നുപോകുന്ന പരീക്ഷണങ്ങളും തിക്തമായ അനുഭവങ്ങളും അവർക്ക് കരുത്തേകുന്നു. അതുകൊണ്ട് തന്നെ അടങ്ങാത്ത ആത്മവിശ്വാസം കൊണ്ട് സമ്പന്നരാണവർ. തീനാമ്പുകൾ തട്ടിയ അവരെ വാട്ടിക്കളയാൻ ഉച്ചവെയിലിന് സാധിക്കുകയില്ല"*

ഓരോ എഴുത്തുകാരന്റെ മോഹങ്ങൾക്കും സ്വപ്നങ്ങളൾക്കും കരുത്തുപകരുന്ന എം.ടി യുടെ വാക്കുകൾ പോലെ തന്നെ അദ്ദേഹത്തിന്റെ രചനകളും സൂര്യനും ചന്ദ്രനും ഉള്ളിടത്തോളം കാലം ഭൂമിയിൽ വായിക്കപ്പെടും.

■



# യാത്രാമൊഴി

രമാ പിഷാരടി

**ഭൂമിയ്ക്കകലെയുള്ള** ഏതോ വിശുദ്ധദേശത്ത് പ്രഗത്ഭരുടെ ഒരു ഉൽസവം നടക്കുന്നുണ്ടായിരിക്കാം, ഒരു പക്ഷെ അതാവാം, മനമില്ലാമനസ്സോടെയെങ്കിലും തിരികെയെത്താനാവില്ലെന്നറിഞ്ഞ് കൊണ്ട് തന്നെ അവർ യാത്രയായത്.

തബല കൈയിലേന്തി ആദ്യം യാത്രയ്ക്കൊരുങ്ങിയത് സാക്കീർ ഹുസൈനാണ്. എം ടി കൂടെ കൂടാൻ താമസമുണ്ടായില്ല. ശ്യാം ബനഗൽ വേഗത്തിൽ തന്നെ യാത്രയ്ക്കുള്ള തയ്യാറെടുപ്പാരംഭിച്ചു. മൻമോഹൻ സിംഗ്, സാമ്പത്തികം അവിടെ ആര് കൈകാര്യം ചെയ്യും എന്ന വേവലാതിയോടെ വേഗത്തിലൊരു ടിക്കറ്റെടുത്തു. പരിഭാഷകരുടെ ഒഴിവുണ്ടായേക്കും എന്നൊരു ചിന്തയിലാകാം ഇവിടെ ഉദ്യാനനഗരത്തിൽ നിന്നും കെ കെ ജി എന്ന കെ കെ ഗംഗാധരനും യാത്രയ്ക്കൊരുങ്ങിയത് എന്ന് തോന്നുന്നു. അപ്പോഴേക്കും ഭാവഗായകൻ ഈ വിശിഷ്ടയാത്രാസംഘത്തിൽ ചേർന്ന് കഴിഞ്ഞിരുന്നു. ഇനിയും പാടാനുള്ള പാട്ടുകളുടെ ശേഖരവുമായി ഒരു മഹായാത്ര.കൊച്ചി രാജകുടുംബത്തിലെ അംഗവും സംഗീതജ്ഞനുമായിരുന്ന രവിവർമ്മ കൊച്ചനിയൻ തമ്പുരാന്റേയും പാലിയത്ത് സുഭദ്രക്കുഞ്ഞമ്മയുടേയും അഞ്ച് മക്കളിൽ മൂന്നാമനായാണ് പാലിയത്ത് ജയചന്ദ്രൻകുട്ടൻ എന്ന പി. ജയചന്ദ്രൻ ജനിച്ചത്.രവിപുരത്ത് ഭദ്രാലയത്തിലാണ് ബാല്യം. പിന്നീട് ഇരിങ്ങാലക്കുടയിലേയ്ക്ക് കുടുംബം മാറിത്താമസിച്ചു.

മലയാളം, തമിഴ്, കന്നഡ, തെലുഗു, ഹിന്ദി എന്നീ ഭാഷകളിലായി 16000ലധികം ഗാനങ്ങൾ സംഗീതലോകത്തിനായി പാടാനായി എന്നത് ജയചന്ദ്രന്റെ സുകൃതം തന്നെ എന്ന് പറയാം. അതിമോഹങ്ങളില്ലാതെ സിനിമയിലെത്തിയ ഭാവഗായകനാണ് ജയചന്ദ്രൻ. ചലച്ചിത്രലോകത്ത് യേശുദാസ് എന്ന ഗാനഗന്ധർവ്വൻ സർവ്വപ്രഭാവത്തോടെയും തിളങ്ങി നിന്ന കാലത്ത് മറ്റൊരു ഗായകൻ സിനിമയിൽ പാടാൻ അവസരം ലഭിക്കുക എന്നത് തന്നെ പ്രശംസനീയമായ കാര്യമാണ്. 1958 ൽ നടന്ന ആദ്യ സംസ്ഥാന യുവജനമേളയിൽ പങ്കെടുക്കവേ ജയചന്ദ്രൻ തന്റെ സമകാലികനായ യേശുദാസിനെ കണ്ടുമുട്ടുകയും മികച്ച ക്ലാസിക്കൽ ഗായകനുള്ള പുരസ്കാരം യേശുദാസ് നേടിയപ്പോൾ അതേ വർഷം മികച്ച മൃദംഗവിദ്വാനുള്ള അവാർഡ് നേടുകയും ചെയ്തിരുന്നു.




**1958 ൽ നടന്ന ആദ്യ സംസ്ഥാന യുവജന മേളയിൽ പങ്കെടുക്കവേ ജയചന്ദ്രൻ തന്റെ സമകാലികനായ യേശുദാസിനെ കണ്ടുമുട്ടുകയും മികച്ച ക്ലാസിക്കൽ ഗായകനുള്ള പുരസ്കാരം യേശുദാസ് നേടിയപ്പോൾ അതേ വർഷം മികച്ച മൃദംഗവിദ്വാനുള്ള അവാർഡ് നേടുകയും ചെയ്തിരുന്നു.**

ഓരോ സംഗീതജ്ഞനും ഓരോ പരമ്പരയുടെ ശബ്ദമാണ്.

*(Beethoven tells you what it's like to be Beethoven and Mozart tells you what it's like to be human. Bach tells you what it's like to be the universe-Douglas Adams)*

ഓരോ ഗായകരും, സംഗീതസ്വരങ്ങളും ഓരോ നിയോഗങ്ങളുടെ ഭാഗമായിരിക്കാം, *"നീലഗിരിയുടെ സഖികളേ, ജ്വാലാമുഖികളേ, ജ്യോതിർമയിയാം ഉഷസ്സിന്, വെള്ളിച്ചാമരം വീശുന്ന മേഘങ്ങളേ"*, എന്ന് പാടി ജയചന്ദ്രൻ സുപ്രഭാതത്തെയുണർത്തുമ്പോൾ അവിടെയുണർന്നത് പ്രപഞ്ചവും, പ്രകൃതിയുമായിരുന്നു. *"പണിഞ്ഞിട്ടും പണിഞ്ഞിട്ടും പണിതീരാത്തൊരു പ്രപഞ്ചമന്ദിരമേ, നിന്റെ നാലുകെട്ടിന്റെ പടിപ്പുരമുറ്റത്ത് ഞാനെന്റെ മുറികൂടി പണിയിച്ചോട്ടെ"* എന്ന് വയലാറിന്റെ വരികൾക്ക് മോഹനരാഗത്തിൽ എം എസ് വിശ്വനാഥൻ സംഗീതമേകി ഘനഗംഭീരമായ ശബ്ദത്തിൽ ജയചന്ദ്രൻ ആസ്വാദകരുടെ ഹൃദയത്തിലേയ്ക്കെത്തിച്ചപ്പോൾ ചരിത്രം പുതിയൊരു ഗാനതാരോദയം കണ്ടുനിന്നു. അന്നുവരെ കേട്ട ശബ്ദങ്ങളിൽ നിന്ന് വ്യത്യസ്ഥമായ മികച്ചൊരു ശബ്ദത്തെ അംഗീകരിക്കാൻ മനസ്സ് കാട്ടിയ സൗഹൃദലോകവും അഭിനന്ദനമർഹിക്കുന്നു. പിന്നീട് ചലചിത്രലോകത്ത് യാതൊരു താരപ്രഭാവമില്ലാതെ സംഗീതം നിറഞ്ഞ ശുദ്ധമായ മനസ്സും, ഹൃദയവുമായി പി ജയചന്ദ്രനുണ്ടായിരുന്നു. സ്വാഭാവികമായ ഇടവേളകൾക്കിടയിലും വീണ്ടും വീണ്ടും വിസ്മയിപ്പിക്കുന്ന ഗാനങ്ങളുമായി ജയചന്ദ്രൻ ആസ്വാദകരെ അത്ഭുതപ്പെടുത്തി. ശ്രീനാരയണ ഗുരു എന്ന ചിത്രത്തിലെ 'ശിവശങ്കര സര്വ്വ ശരണ്യ വിഭോ' എന്ന ഗാനത്തിന് മികച്ച പിന്നണി ഗായകനുള്ള ദേശീയ പുരസ്കാരം ജയചന്ദ്രന് ലഭിച്ചു, അഞ്ചുതവണ മികച്ച പിന്നണി ഗായകനുള്ള കേരള സംസ്ഥാന അവാർഡുകളും നാലു തവണ തമിഴ്നാട് സംസ്ഥാന അവാർഡുകളും ലഭിച്ചിട്ടുണ്ട്. മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി ഭാഷകളിലും ജയചന്ദ്രൻ ഗാനങ്ങളാലപിച്ചിട്ടുണ്ട്.



2001 ന്റെ തുടക്കത്തിൽ ജയചന്ദ്രന് 'സ്വരലയ കൈരളി പുരസ്കാരം' ലഭിച്ചു. ഈ പുരസ്കാരം ലഭിച്ച ആദ്യ ഗായകനാണ് ശ്രീ ജയചന്ദ്രൻ. 30 വർഷക്കാലയളവിലെ ഗായകരിൽ നിന്നും ഗാനരചയിതാക്കളിൽ നിന്നുമുള്ള മികച്ച വ്യക്തിയെ തിരഞ്ഞെടുക്കുക എന്നതാണ് ഈ പുരസ്കാരത്തിന്റെ പ്രത്യേകത.

മലയാള സിനിമയിലെ സമഗ്ര സംഭാവനയ്ക്കുള്ള 2020ലെ ജെ. സി ഡാനിയേൽ അവാർഡ് നൽകി കേരള സർക്കാർ അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആത്മകഥ 'ഏകാന്ത പഥികൻ ഞാൻ' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈയടുത്ത കാലത്ത് ജയചന്ദ്രൻ എന്ന ഗായകന്റെ അനേകം അഭിമുഖങ്ങൾ കേൾക്കാനിടയായി. ഹൃദയത്തിൽ കലർപ്പില്ലാത്ത ഗായകനെ കേട്ടിരിക്കുന്നതും പുണ്യമെന്ന് തോന്നിപ്പിക്കും പോലെയുള്ള സംഭാഷണങ്ങൾ. സമകാലികരായ ഗായകരോടുള്ള ബഹുമാനവും ആദരവും അദ്ദേഹത്തിന്റെ വാക്കുകളിൽ നിറഞ്ഞിരുന്നു.









*കേവല മർത്യ ഭാഷ കേൾക്കാത്ത*
*ദേവദൂതികയാണു നീ...ഒരു*
*ദേവദൂതികയാണു നീ...*
*ചിത്രവർണ്ണങ്ങൾ നൃത്തമാടുംനിൻ..*
*ഉൾപ്രപഞ്ചത്തിൻ സീമയിൽ*
*ഞങ്ങൾ കേൾക്കാത്ത പാട്ടിലെ*
*സ്വരവർണ്ണരാജികൾ ഇല്ലയോ ഇല്ലയോ ഇല്ലയോ*
*അന്തരശ്രു സരസ്സിൽ നീന്തിടും.*
*ഹംസ ഗീതങ്ങൾ ഇല്ലയോ*
*ശബ്ദ സാഗരത്തിൻ അഗാധ*
*നിശ്ശബ്ദ ശാന്തത ഇല്ലയോ ഇല്ലയോ ഇല്ലയോ*

ഓ എൻ വി സാർ രചിച്ച് ബോംബേ രവി സംഗീതം നിർവ്വഹിച്ച് പി ജയചന്ദ്രൻ ആലപിച്ച ശുദ്ധസന്യാസി രാഗത്തിലുള്ള നഖക്ഷതങ്ങൾ എന്ന ചലച്ചിത്രത്തിലെ ഈ ഗാനം ഇന്നും മനസ്സിൽ സൂക്ഷിക്കുന്നവരാണ് നമ്മൾ യേശുദാസും, ജയചന്ദ്രനും പാടിയ സമയരഥങ്ങളിൽ ഞങ്ങൾ മറുകര തേടുന്നൂ സകലതിനും പൊരുളേ നീ എന്ന ഗാനം ബന്ധനത്തിലെ രാഗം ശ്രീരാഗം എന്ന ഗാനം ഇങ്ങനെ ഇന്നും മറക്കാനാകാത്ത അനേകം ഗാനങ്ങൾ ജയചന്ദ്രൻ ആലപിച്ചിട്ടുണ്ട്. ഒ എൻ വി സാർ രചിച്ച് ദേവരാജൻ മാസ്റ്റർ സംഗീതസംവിധാനം നിർവ്വവഹിച്ച് പി ജയചന്ദ്രൻ അതിമനോഹരമായി ആലപിച്ച ഗാനമാണ്.

*ഒന്നിനി ശ്രുതി താഴ്ത്തി പാടുക പൂങ്കുയിലേ*
*എന്നോമലുറക്കമായ് ഉണർത്തരുതേ*
*എന്നോമലുറക്കമായ് ഉണർത്തരുതേ*
*ഒന്നിനി തിരി താഴ്ത്തൂ ശാരദനിലാവേ*
*ഈ കണ്ണിലെ കിനാവുകൾ കെടുത്തരുതേ*
*കണ്ണിലെ കിനാവുകൾ കെടുത്തരുതേ..*

ഈ ഗാനത്തിലെ തന്നെ അനുപല്ലവിയിൽ,

*ഉച്ചത്തിൽ മിടിക്കല്ലെ നീയെന്റെ ഹൃദന്തമേ*
*സ്വച്ഛശാന്തമെന്നോമൽ മയങ്ങിടുമ്പോൾ..*

അതേ, പ്രപഞ്ചത്തിന്റെ ഗായകൻ ഉറക്കമായിരിക്കുന്നു. ഹൃദയസ്പന്ദങ്ങളിൽ സംഗീതതന്ത്രികളുള്ള ഗായകൻ ഉറക്കമായിരിക്കുന്നു. ഭൂമിക്കകലെയുള്ള മറ്റൊരു സംഗീതസഭയിലേക്കുള്ള യാത്രയാവാമത്.

*Where words fail, music speaks, Music is the universal language of mankind*




അനുഭവ സ്മരണ

# എം.ടിയും 'നാലുകെട്ടും' ഞാനും



സലിം കെ. ഞക്കനാൽ
അദ്ധ്യാപകൻ, എഴുത്തുകാരൻ

കേരളത്തിന്റെ സാഹിത്യ കുലപതി എം.ടി. വാസുദേവൻ നായർ കഴിഞ്ഞ ക്രിസ്മസ് രാവിൽ വിണ്ണിലെ 'അക്ഷര നക്ഷത്ര'മായി മാറി. മലയാളത്തെ വിശ്വസാഹിത്യ പദവിയിലേക്കുയർത്തിയ അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മകൾക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.




**അദ്ദേഹത്തിന്റെ** പര്യായമായ തിരൂർ തുഞ്ചൻ പറമ്പിൽ വച്ചും അദ്ദേഹം 'ഗുരു' എന്നു വിശേഷിപ്പിച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ ബേപ്പൂർ 'വൈലാലിൽ' വീട്ടിൽ വച്ചും അദ്ദേഹത്തിന്റെ സ്വന്തം വീടായ കോഴിക്കോട് കൊട്ടാരം റോഡിലെ 'സിതാര'യിൽ വച്ചും പലവട്ടം കാണാനും സംസാരിക്കാനും കഴിഞ്ഞിട്ടുങ്കിലും വലിയ വ്യക്തി ബന്ധമൊന്നും സ്ഥാപിക്കാനായിട്ടില്ല. എന്നാൽ എനിക്ക് അദ്ദേഹവുമായി മറക്കാനാവാത്ത ചില അക്ഷര ബന്ധങ്ങളുണ്ട്.

2009 ഫെബ്രുവരി ലക്കം ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ച എന്റെ 'മലയാള ഭാഷയും നിഘണ്ടുകളും' എന്ന പഠനം തുഞ്ചൻ പറമ്പിൽ നടന്ന മലയാള ഭാഷാ സമ്മേളനത്തിൽ അവതരിപ്പിക്കാനും കോപ്പികൾ വിതരണം ചെയ്യാനും അവസരം തന്നത് മറക്കാനാവില്ല.

അതിനുമുമ്പ് അദ്ദേഹത്തിന്റെ തന്നെ മറ്റൊരു പര്യായമായ മാതൃഭൂമിയിലാണ് ഞാൻ എഴുതി തുടങ്ങിയത്. ദിനപ്പത്രത്തിലെ 'മധുരം മലയാളം' പംക്തിയിൽ 'തെക്കും വടക്കും' എന്ന കോളം ചെയ്തുകൊാണ് ഞാൻ എഴുത്തിന്റെ അരങ്ങേറ്റം കുറിക്കുന്നത്. തുടർന്ന് പത്രത്തിൽ വരുന്ന തെറ്റുകൾ ചൂിക്കാട്ടികൊ് ചൊവ്വഴ്ചകളിൽ എഡിറ്റ് പേജിൽ വന്നിരുന്ന 'ചൊവ്വാദോഷം' പംക്തിയിലും നിരവധി ടൈറ്റിലുകൾ എഴുതാനായി. അതോടൊപ്പം വെള്ളിയാഴ്ചകളിൽ പുറത്തിറങ്ങിയിരുന്ന 'നർമ്മഭൂമി' എന്ന സപ്ലിമെന്റിൽ 'ഭാഷാനർമ്മകഥകൾ' എന്ന ഒരു പുതിയ കഥാവിഭാഗത്തിനു തുടക്കം കുറിച്ചുകൊണ്ട് മുപ്പതോളം കഥകൾ എഴുതി. അതിലൊന്നാണ് 'നാലുകെട്ട്'. അദ്ദേഹത്തിന്റെ വിഖ്യാതമായ നോവലിനെ അടിസ്ഥാനമാക്കി എഴുതിയ നർമ്മകഥ. എം.ടി. യെ എം.ടി. വാസുദേവൻ നായർ എന്ന പൂർണ്ണമായ നാമധേയത്തിലാണ് കഥയിലുള്ളത്. 'നാലുകെട്ട്' എന്ന നോവലും ഞാനും എന്റെ യാഥാസ്ഥിതികനായ ഒരകന്ന ബന്ധുവുമാണ് മറ്റു കഥാപാത്രങ്ങൾ.





രണ്ടും കല്പിച്ചാണ് ഞാനീ കഥ മാതൃഭൂമിക്കയ്ക്കുന്നത്. എം.ടി.യുടെ പേരു വച്ച് അദ്ദേഹത്തിന്റെ നോവലിനെ നർമ്മാത്മകമായി ചിത്രീകരിക്കുന്ന ഒരു കഥ അദ്ദേഹത്തിന്റെ അനുമതിയില്ലാതെ മാതൃഭൂമിയിൽ വരില്ലെന്നും അദ്ദേഹത്തിന് അനിഷ്ടമുണ്ടായാൽ അതോടെ എന്റെ 'കഥ കഴിയും' എന്നും എനിക്കുറപ്പുണ്ടായിരുന്നു. വ്യാഴാഴ്ചകളിൽ മാതൃഭൂമി പത്രത്തിന്റെ മുൻപേജിൽ അടുത്ത ദിവസമിറങ്ങുന്ന നർമ്മഭൂമിയുടെ ചെറിയകോളം പരസ്യമുാകും. ഞാൻ അതു കാത്തിരുന്നു. ആ വ്യാഴാഴ്ച പരസ്യമുായിരുന്നെങ്കിലും 'ഭാഷാനർമ്മ കഥയോ എന്റെ പേരോ ഇല്ല. കഥ കഴിഞ്ഞു എന്നു ഞാനുറപ്പിച്ചു. അങ്ങനെ ഒരു കഥ അയക്കേണ്ടിയിരുന്നില്ല എന്നു തോന്നി. രാത്രി ഉറക്കം വന്നില്ല. കണ്ണുമയങ്ങുമ്പോൾ എം.ടി. എന്റെ കഥ ചുരുട്ടി എറിയുന്നതും എഡിറ്ററോട് എന്റെ കഥ കൊടുക്കുന്നത് മതിയാക്കാൻ പറയുന്നതുമാണ് കാണുന്നത്.

പുലർച്ചെ വരാന്തയിൽ പത്രം വീഴുന്ന ശബ്ദം എന്റെ നെഞ്ചിടിപ്പ് കൂട്ടി. മാതൃഭൂമി പത്രം എന്നെ നോക്കി പരിഹസിക്കുന്നതുപോലെ തോന്നി. ആദ്യം നോക്കിയത് സപ്ലിമെന്റായ നർമ്മഭൂമിയാണ്. ഇരുപുറവും കഥയില്ല. നിവർത്തി നോക്കുമ്പോഴതാ, തലയുയർത്തിനില്ക്കുന്ന 'നാലുകെട്ട്'! എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. രാത്രിയിൽ ഉറങ്ങാത്തതിന്റെ എല്ലാ ക്ഷീണവും ആ കഥകാഴ്ച മാറ്റിത്തന്നു.

അദ്ദേഹത്തിന്റെ നാലുകെട്ടിന്റെ അകത്തളത്തിൽ ഒരു ചെറുവിരൽ കൊണ്ട് തമസ്ക്കരിക്കാവുന്ന എന്നെപ്പോലെ കഥയിലെ ഒരു ചെറുപ്രാണിയെ നടുമുറ്റത്തിറങ്ങി കഥകളുടെ അനന്തവിഹായസ്സിലേക്ക് പറത്തി വിട്ട അദ്ദേഹം 'പല എഴുത്തുകാരേയും തമസ്ക്കരിച്ചു കളഞ്ഞു' എന്ന് ചിതകെട്ടടങ്ങും മുമ്പ് കേൾക്കുമ്പോൾ, ഈ അനുഭവം ഞാൻ എഴുതിയില്ലെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ ആത്മാവിനോടു ചെയ്യുന്ന കടുത്ത അപരാധമായിരിക്കും.

കാലനും കാലത്തിനും താഴ്ത്താനാവാത്ത ആ കൊടി താഴ്ത്താൻ ഒരപവാദത്തിനും ആവില്ലെന്നറിയാമെങ്കിലും....

*"വരുമിഹസുജനാപവാദപാപം*
*പരനുരചെയ്വതു കേട്ടു നില്പവർക്കും"*

എന്നാണല്ലോ കവി വാക്യം.

■

*"നിശബ്ദത ഒരു സംഗീതമാണ്." — എംടി*




കടം ചോദിച്ച്
ഒരു സായാഹ്നം
ബാക്കി കിടപ്പുണ്ട്,
മറക്കരുതേ...
വിശ്വാകൈരളി എഡിറ്റോറിയൽ ടീം